
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 42 THE ONLINE OFFICIAL NEWS BULLETTIN 2022 October 15

SEASON OF CROSS സ്ലീബാകാലം ܥܕܢܐ ܕܨܠܝܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
16 ♪5 5th Sunday after the Feast of Holy Cross	17 ♪1	18  ♪5 Comme. of St. Luke the Evangelist	19 ♪1	20 ♪5	21 ♪1	22  ♪5 258th Mem. of Mar Baselios Shakralla (Kandanadu Marthamariam Church)



അബലരെ കരുതുന്ന നേതൃത്വം മാതൃക: മന്ത്രി കെ. എൻ. ബാലഗോപാൽ

പരുമല: അബലരെ കരുതുന്ന നേതൃത്വം മഹനീയ മാതൃകയാണെന്ന് സംസ്ഥാന ധനവകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ പ്രസ്താവിച്ചു. പ. ബാവാ തിരുമേനിയുടെ നേതൃത്വം സഭയ്ക്ക് മാത്രമല്ല, സമൂഹത്തിനും തണലാകുന്നുണ്ടെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പരിശുദ്ധ കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒന്നാം സ്ഥാനാരോഹണ വാർഷികത്തോടനുബന്ധിച്ച് പരുമല സെന്റ് ഗ്രിഗോറിയോസ് ആശുപത്രിയുടെ സഹകരണത്തിൽ നടപ്പാക്കുന്ന സൗഖ്യം പഞ്ചവത്സര ജീവകാരുണ്യ പദ്ധതിയുടെ ഉദ്ഘാടനം പ. കാതോലിക്കാ ബാവാ നിർവഹിച്ചു.

സഭയുടെ ദൗത്യം കണ്ണീരൊപ്പുന്നതു കൂടിയാണെന്നും പ. ബാവാ പ്രസ്താവിച്ചു. പരിശുദ്ധ കാതോലിക്കാ ബാവാ ഒരു സഭയുടെ മാത്രമല്ല, എല്ലാ ക്രൈസ്തവ സഭകളെയും കോർത്തിണക്കുന്ന മഹനീയ നേതൃത്വമാണെന്ന് അനുഗ്രഹ പ്രഭാഷണത്തിൽ ഡോ. ജോസഫ് മാർ ബർണബാസ് സഫ്രഗൻ മെത്രാപ്പോലീത്ത പറഞ്ഞു.



പരിശുദ്ധനായ പരുമല തിരുമേനി 1893-ൽ സ്ഥാപിച്ച പരുമല സെമിനാരി എൽ.പി. സ്കൂളിന്റെ പുതിയ സ്കൂൾ കെട്ടിടത്തിന്റെ ശിലാ സ്ഥാപന കർമ്മം പ. കാതോലിക്കാ ബാവ നിർവ്വഹിച്ചു.



മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടതിന്റെ ഒന്നാം വാർഷിക ദിനത്തിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, പിതാക്കന്മാരുടെ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തുകയും ചെയ്തു. തുടർന്ന് കേക്ക് മുറിച്ച് സന്തോഷം പങ്കിട്ടു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, അരമന മാനേജർ ഫാ. യാക്കോബ് തോമസ്, ഓഫീസ് സെക്രട്ടറി ഫാ. അനിഷ് കെ. സാം, പേഴ്സണൽ സെക്രട്ടറി ഫാ. ബൈജു ജോൺസൺ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.



മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിഭകളെ ആദരിക്കുന്നതിനുള്ള മെറിറ്റ് ഈവനിംഗ് പരുമല സെമിനാരിയിൽ നടന്നു. സമ്മേളനം കേരള നിയമസഭ സ്പീക്കർ അഡ്വ. എ. എൻ. ഷംസീർ ഉദ്ഘാടനം ചെയ്തു. പത്താം ക്ലാസ് മുതൽ പി എച്ച് ഡി വരെ ഉന്നത വിജയം നേടിയവരും കലാ-കായിക രംഗത്ത് മികവുറ്റ പ്രവർത്തനം കാഴ്ച വച്ചവരുമായ 2500 ഓളം പ്രതിഭകളെയാണ് ആദരിച്ചത്. പ. കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ കെ. വി. പോൾ റമ്പാൻ എന്നിവർ പ്രസംഗിച്ചു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

നവ മാധ്യമങ്ങളും ഇടയപരിപാലനവും

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

“ആദിയിൽ സംഭാഷണം ഉണ്ടായിരുന്നു. പിന്നീട് സംഭാഷണം മാധ്യമങ്ങളിൽ സംവേദിക്കപ്പെട്ടു. ഇപ്പോൾ നവമാധ്യമങ്ങളിലൂടെ സംവേദനം സംഭാഷണങ്ങളായി തിരികെവന്നു. എന്നാൽ സംഭാഷണ ചക്രം യാഥാർത്ഥ്യത്തിൽ നിന്നും അയഥാർത്ഥ്യത്തിലേക്ക് കുതിക്കുന്നു. പക്ഷേ ഈ സംഭാഷണത്തെ നിയന്ത്രിക്കുന്നത് ആര്”.

സെറാംമ്പൂർ സർവ്വകലാശാലയിലെ 2011ലെ ബി.ഡി. പരീക്ഷയുടെ ‘കമ്മ്യൂണിക്കേഷൻ’ ചോദ്യപേപ്പറിലെ ഒരു ചോദ്യം ഇങ്ങനെയാണ്[1]: ‘സഭ ഇപ്പോഴും ഗുട്ടൻബർഗ് യുഗത്തിലാണെന്ന വിമർശനം ഉണ്ട്. ആധുനിക വിവര സാങ്കേതികവിദ്യ ക്രിസ്തീയ ഇടയശുശ്രൂഷയിൽ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത വിവരിക്കുക”. പ്രസ്തുത ചോദ്യത്തിൽ നിന്നും സംവേദന രംഗത്ത് സഭയുടെ യഥാർത്ഥ അവസ്ഥയും നവ സാങ്കേതികവിദ്യ ഫലപ്രദമായി ഇടയശുശ്രൂഷയിൽ ആവിഷ്ക്കരിക്കേണ്ടതിന്റെ സാംഗത്യവും വ്യക്തമാക്കുന്നു.

മാധ്യമ ശുശ്രൂഷാരംഗത്ത് സഭകൾ ഇപ്പോഴും അച്ചടി യുഗത്തിലാണ് മുഖ്യധാരാസഭകൾ. ബഹുജനമാധ്യമങ്ങളോടും നവ മാധ്യമങ്ങളോടും വേണ്ടത്ര ആഭിമുഖ്യം പുലർത്തിയിട്ടില്ല. സിനിമ, ടെലിവിഷൻ, ഇന്റർനെറ്റ് എന്നിവ എല്ലാം എങ്ങനെയോ ‘പാപത്തിന്റെ പട്ടികയിൽ’ ഉൾപ്പെട്ടിരിക്കുന്നു! ലൈംഗികതയും (Sex) കുറ്റകൃത്യങ്ങളും (Cyber Crime) ഇതിൽ അനവധിയാണെന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കാവുന്നതുമല്ല. ‘ലോകം ചെറുതായി’, ‘ആഗോള ഗ്രാമമായി’ ‘ലോകം വിരൽതുമ്പിൽ’ എന്നതാണ് പുതിയ മുദ്രാവാക്യം. ലോകം ‘സൈബർ യുഗത്തിൽ’ എത്തിയെന്ന് അറിയാതെയാണ് സഭകൾ മുഖപത്രത്തിന്റെ ഏതാണ്ട് രണ്ടായിരം കോപ്പികളുമായി അച്ചടി സംസ്കാരവുമായി ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ സെക്ടേരിയൻ, പ്രൊട്ടസ്റ്റന്റ് വിഭാഗക്കാർ മാധ്യമങ്ങൾ വഴിയുള്ള ഇടയശുശ്രൂഷയിൽ കുറേ മുന്നേറിയിട്ടുണ്ട്. സ്വതന്ത്രസഭകളും സുവിശേഷകരുമാണ് നവമാധ്യമങ്ങൾ ഫലപ്രദമായി ആവിഷ്ക്കരിക്കുന്നത്.

മാധ്യമങ്ങൾ വഴിയുള്ള ഇടയ ശുശ്രൂഷയുടെ പ്രാധാന്യം തിരിച്ചറിഞ്ഞതിന്റെ ഫലമായി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ നിർദ്ദേശത്തോടെ 1963 മുതൽ കത്തോലിക്ക സഭ മാധ്യമരംഗത്ത് പ്രത്യേക ശ്രദ്ധ നൽകുന്നു. അച്ചടി, റേഡിയോ, ടെലിവിഷൻ തുടങ്ങിയ പരമ്പരാഗത ഇലക്ട്രോണിക്ക് മാധ്യമങ്ങൾ വഴിയുള്ള ഇടയശുശ്രൂഷക്കാണ് ആദ്യകാലത്ത് പ്രാധാന്യം നൽകിയത്. എന്നാൽ ഈ രംഗത്ത് പുതിയ വഴിത്തിരിവ് ഉണ്ടായത് ‘പൊന്തിഫിക്കൽ കൗൺസിൽ ഫോർ സോഷ്യൽ കമ്മ്യൂണിക്കേഷന്റെ’ ആഭിമുഖ്യത്തിൽ 82 രാജ്യങ്ങളിലെ കത്തോലിക്കാ സഭ മെത്രാന്മാർ 2009 മാർച്ചിൽ റോമിൽ നടത്തിയ പഞ്ചദിന ശില്പശാലയാണ്. ഈ സമ്മേളനത്തിൽ എടുത്ത പ്രധാനമായ രണ്ട് തീരുമാനങ്ങൾ നവ മാധ്യമങ്ങളെക്കുറിച്ചുള്ളതാണ്. 1. വിപ്ലവകരമായി തീരുന്ന സംവേദന സമ്പ്രദായങ്ങൾ തിരിച്ചറിയുക, 2. നവീന മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും നവസാങ്കേതിക കൂട്ടായ്മകളുടെ സാധ്യതകളും കണ്ടെത്തുക. ഇതിന്റെ ഫലമായി കത്തോലിക്കാ സഭയുടെ 45മത് ‘കമ്മ്യൂണിക്കേഷൻ ദിനമായ’ 2011 ജൂൺ 5നു ബനഡിക് മാർപാപ്പ നൽകിയ സന്ദേശത്തിന്റെ തലക്കെട്ട്. ഡിജിറ്റൽ യുഗത്തിലെ ജീവിതത്തിന്റെ സത്യവും, സുവിശേഷവും ആധികാരികതയും എന്നതായിരുന്നു. (Truth, proclamation and Authenticity of life in the digital age).

കത്തോലിക്കാ-പ്രൊട്ടസ്റ്റന്റ് സഭകൾ, നവമാധ്യമങ്ങൾ വഴിയുള്ള ഇടയശുശ്രൂഷയും അവ ഉയർത്തുന്ന വെല്ലുവിളികളും ശാസ്ത്രീയമായി അപഗ്രഥിക്കുവാൻ തുടങ്ങിയിട്ട് കാലമേറെ ആയെങ്കിലും ഓർത്തഡോക്സ് സഭകൾ ഈ രംഗത്ത് അതിദൂരം പിന്നിലാണ്.

ആഗോളവൽക്കരണവും നൂതനസാങ്കേതിക വിദ്യ സൃഷ്ടിച്ച നവമാധ്യമങ്ങളുടെ സംസ്കാരവും സഭകളെ വിവിധതരത്തിൽ ബാധിച്ചിരിക്കുകയാണ്. നവമാധ്യമങ്ങളായ ഇന്റർനെറ്റ്, ഡിജിറ്റൽ ടെലിവിഷൻ, ഡിജിറ്റൽ റേഡിയോ, ഓർക്കൂട്ട്, ഫെയ്സ് ബുക്ക്, ടിറ്റ്വർ, തുടങ്ങി വിവിധങ്ങളായ സോഷ്യൽ



നെറ്റ്വർക്കിങ്ങ് സൈറ്റുകൾ എല്ലാം ഇപ്പോൾ സാധാരണ സംഭാഷണത്തിൽ എത്തിച്ചേരുന്നു. പ്രത്യേകിച്ച് കുട്ടികളുടെയും യുവജനങ്ങളുടെയും പ്രവാസികളുടെയും ജീവിതത്തിൽ ഇവയുടെ ഇടപെടൽ അതിശക്തമായി. കഴിഞ്ഞ കുറെവർഷമായി യുവസമൂഹത്തിന്റെ ജീവിതവും സംസ്കാരവും സമഗ്രമായ പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. പഠനം, ജോലി, കുടുംബജീവിതം, ആദ്ധ്യാത്മികത എന്നിവയിലെല്ലാം വിപ്ലവകരമായ വ്യതിയാനങ്ങൾ സംഭവിക്കുന്നു.

കേരളത്തിലെ പുതുതലമുറയിലെ കുട്ടികൾ 17 വയസ്സ് കഴിയുന്നതോടെ ഉപരിപഠനത്തിനായി വിദൂരസ്ഥലങ്ങളിലും വിദേശത്തുമായി പോകുന്നു. പഠനാനന്തരം ജോലിയും വിദേശങ്ങളിലായിതീരുന്നു. പഠനത്തിനും ജോലിക്കുമായി വിദൂരസ്ഥലങ്ങളിലേക്ക് കുടിയേറുന്ന ഒരു പുതുതലമുറയാണ് ഇവിടെ വളർന്നുവരുന്നത്. ഈ പുതു സംസ്കാരത്തിൽ ഇടയപരിപാലനത്തിന്റെ സാധ്യതകളും വെല്ലുവിളികളുമാണ് ശാസ്ത്രീയമായി വിശകലനം ചെയ്യേണ്ടത്.

ആഗോളവൽക്കരണത്തിന്റെയും നവമാധ്യമങ്ങളുടെയും പശ്ചാത്തലത്തിൽ സഭ എങ്ങനെ നിലനിൽക്കുന്നു എന്നതിനെക്കാൾ സഭയ്ക്ക് നവമാധ്യമങ്ങളെ എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുമെന്ന് പഠിക്കേണ്ടതാണ്[2]. നവ സാങ്കേതികവിദ്യ സൃഷ്ടിക്കുന്ന വിപ്ലവകരമായ സാമൂഹിക പരിവർത്തനത്തിന്റെ നാനാമുഖങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുവാൻ സഭകൾക്ക് വേണ്ടത്ര കഴിഞ്ഞിട്ടില്ല. മാറുന്ന സാമൂഹിക പശ്ചാത്തലം തിരിച്ചറിയാതെയുള്ള ഇടയപരിപാലനം അപ്രസക്തമാകുന്നില്ലേ? ‘നവമാധ്യമങ്ങളും ഇടയപരിപാലനവും’ എന്ന ഈ ഹ്രസ്വ പ്രബന്ധത്തിൽ ചില പ്രധാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ മാത്രം ശ്രമിക്കുകയാണ്. 1. എന്താണ് നവമാധ്യമങ്ങൾ, 2. നവമാധ്യമങ്ങളും അജപാലന ശുശ്രൂഷയും എങ്ങനെ ബന്ധപ്പെടുത്താം, 3. നവമാധ്യമങ്ങളുടെ ഗുണപരമായ പ്രത്യേകതകൾ എന്താണ്, 4. നവമാധ്യമങ്ങളിലെ നിഷേധ നിലപാടുകൾ എങ്ങനെയുള്ളതാണ്, 5. നവമാധ്യമങ്ങൾ വഴിയുള്ള ഇടയ ശുശ്രൂഷയുടെ സാധ്യതകളും വെല്ലുവിളികളും എന്തെല്ലാം?

1. നവമാധ്യമങ്ങൾ

കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഇൻഫർമേഷൻ ടെക്നോളജി, ഒപ്റ്റിക്കൽ ഫൈബർ കേബിൾസ്, റോബോർട്ടിക്കിസ്, നാനോ ടെക്നോളജി എന്നിവയുടെ സംയോ

ജനം വഴി (Convergence) സംവേദന പ്രക്രിയയ്ക്ക് ജനകീയതയും ബഹുജന പ്രാപ്യതയും നൽകുന്നതാണ് നവമാധ്യമങ്ങൾ. റേഡിയോ, ടെലിവിഷൻ, പത്രം തുടങ്ങിയ ബഹുജനമാധ്യമങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാകുമ്പോൾ നവമാധ്യമങ്ങളിൽ ഉൾപ്പെടുന്നു. അവ വെബ് റേഡിയോ, വെബ് ടെലിവിഷൻ, വെബ് ന്യൂസ്പേപ്പർ എന്നിങ്ങനെ അറിയപ്പെടുന്നു. ഇപ്പോൾ ഇവ സോഷ്യൽ മീഡിയ (Social Media) എന്ന ഗണത്തിൽ ഉൾപ്പെടുന്നു. ഇന്റർനെറ്റ് മൊബൈൽ ഫോണുമായി സാങ്കേതികമായി സംയോജിപ്പിക്കുവാൻ കഴിഞ്ഞത് വിവരവിനിമയ പ്രക്രിയയിൽ വിപ്ലവകരമായ പ്രാപ്യത ലഭ്യമാക്കി. റേഡിയോ, ടെലിവിഷൻ, ഇന്റർനെറ്റ്, പത്രം, പുസ്തകം, ഡിജിറ്റൽ ശേഖരം, ലൈബ്രറി എന്നിവ എല്ലാം ഒരു വേദിയിൽ (Platform) ലഭ്യമാകുന്ന 'നവീന മാധ്യമം' (3ജി, 4ജി ഫോൺ) അനന്തമായ സാധ്യതകൾ ഒരുക്കുന്നു.

ഇന്റർനെറ്റിൽ ഉൾക്കൊള്ളുന്ന വിവിധങ്ങളായ വെബ് സൈറ്റുകൾ, ഇ-മെയിൽ ഗ്രൂപ്പുകൾ, ഓൺലൈൻ കമ്മ്യൂണിറ്റീസ്, വിവിധങ്ങളായ സോഷ്യൽ നെറ്റ്വർക്കുകൾ അതിൽ പ്രചാരമേറിയ ഫേസ് ബുക്ക്, ഓർക്കൂട്ട്, ടിറ്റർ എന്നിവയിലൂടെ എന്തും (Any thing) എവിടെയും (Any where) എപ്പോഴും (Any time) ലഭ്യമാകുന്നു[3]. മാധ്യമ മുതലാളിമാരുടെയോ പത്രാധിപരുടെയോ നിയന്ത്രണമില്ലാതെ എന്തു സർഗ്ഗസൃഷ്ടിയും പ്രസിദ്ധീകരിക്കുവാനും പ്രചരിപ്പിക്കുവാനും കഴിയുന്ന ബ്ലോഗുകൾക്ക് (Blogging) ഇന്റർനെറ്റിൽ വ്യാപകമായ പ്രസിദ്ധി ലഭിച്ചുകഴിഞ്ഞു. പരമ്പരാഗത മാധ്യമ കുത്തക തകർക്കുന്ന മാധ്യമ പ്രവർത്തനമാണിത്. നിമിഷങ്ങൾക്കുള്ളിൽ നവമാധ്യമങ്ങളിൽ വിവരവിജ്ഞാനം എത്തിക്കുവാൻ കഴിയുന്നു. വീഡിയോ ഫയലുകൾ പ്രചരിപ്പിക്കുന്ന Vlogging ഉം എപ്പിസോഡായി വിവിധതരം ഫയലുകൾ പ്രചരിപ്പിക്കുന്ന Podcasting ഉം നവമാധ്യരംഗത്തെ ഏറ്റവും പുതിയ സംവിധാനങ്ങളാണ്.

ഇന്റർനെറ്റ് സാങ്കേതികതയിൽ നാനോ ടെക്നോളജിയുടെ അതിശക്തമായ സ്വാധീനം ഉണ്ടായപ്പോൾ വലിയ യന്ത്രങ്ങൾ എല്ലാം വളരെ ചെറുതായി. 'നാനോ' എന്ന ഗ്രീക്ക് പദത്തിന് 'കുള്ളൻ' എന്നർത്ഥം. ഒരുമില്ലീമീറ്ററിന്റെ പത്തുലക്ഷത്തിൽ ഒരംശമാണ് ഒരു നാനോ മീറ്റർ. ഹ്യസ്വകണികകൾ ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യയായതിനാൽ 'നാനോ ടെക്നോളജി' എന്ന് വിളിക്കുന്നു. ഇത് ശാസ്ത്രത്തിന്റെ എല്ലാ മേഖലകളെയും അതിശീഘ്രം മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകിച്ച് നവമാധ്യമങ്ങളിൽ. വിവിധങ്ങളായ മാധ്യമങ്ങൾ ഒരു ചെറിയ 3ജി, 4ജി മൊബൈൽ ഫോണിൽ ലഭ്യമാകുന്നു. നവമാധ്യമങ്ങളുടെ ഏറ്റവും പുതുമയാർന്നതും സ്വാധീനവത്തതുമായ നവമാധ്യമമായി മൊബൈൽ ഫോൺ! മൊബൈൽ ക്യാമറകൾ ചലച്ചിത്ര രംഗത്തും മാധ്യമരംഗത്തും പുത്തൻ തരംഗങ്ങൾ സൃഷ്ടിക്കുന്നു. പരമ്പരാഗതമായ ജേർണലിസത്തിന്റെ അന്ത്യം സംഭവിച്ചു കഴിഞ്ഞു (End of Journalism) . ഇപ്പോൾ സെൽഫോൺ ജേർണലിസം (Cell Phone Journalism) എന്ന ഒരുവിഭാഗം തന്നെ വികസിച്ചു. അതിനാൽ നവ മാധ്യമങ്ങളെ (New Media) 'ആറാം ഇന്ദ്രിയം' (Sixth Sense) എന്നാണ് വിളിക്കുന്നത്. നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതുലോകത്തെ 'മായികലോകം' (Virtual Reality), 'സൈബർ സ്പെയ്സ്' (Cyber Space), 'ഉത്തരാധുനിക പൊതുസമൂഹം' (Post Modern Public Sphere), 'ആഗോള പൊതുസമൂഹം' (Global Public Sphere) എന്നും വിളിക്കുന്നു. ഇന്റർനെറ്റിന്റെ വരവോടെ പൗരൻ (Citizen) എന്ന സങ്കല്പം മാറ്റി എഴുതി. ഇന്റർനെറ്റിൽ ജീവിക്കുന്നവരെ ഇന്റർനെറ്റ് പൗരൻ (Netizen), എന്ന് അറിയപ്പെടുന്നു. സംവേദന സമ്പ്രദായങ്ങൾക്ക് നൂതനമായ മാറ്റം സൃഷ്ടിച്ച നവമാധ്യമങ്ങൾ സമൂഹത്തെ ഒരു വഴിത്തിരിവിൽ എത്തിച്ചിരിക്കുന്നു. പ്രിന്റ്, പ്രക്ഷേപണ, ബ്രോഡ്കാസ്റ്റ് തലങ്ങളിലുള്ള ബഹുജനമാധ്യമങ്ങൾ ഇന്റർനെറ്റ് വഴി ഓൺലൈനിൽ സെൽഫോണിൽ ലഭ്യമാകുന്നു. നവസാങ്കേതികതയുടെ വിവിധങ്ങളായ സംയോജനവും സംവേദനവുമാണ് നവമാധ്യമങ്ങൾ യാഥാർത്ഥ്യമാക്കിയത്. സ്വീകർത്താവിന് ആവശ്യമായവിഭവങ്ങൾ ഞൊടിയിടയിൽ കമ്പ്യൂട്ടർ സ്ക്രീനിലോ മൊബൈൽ ഫോണിലോ ലഭ്യമാകുന്നു.

പത്രം. റേഡിയോ, ടെലിവിഷൻ തുടങ്ങിയ പരമ്പരാഗത മാധ്യമങ്ങൾ ലംബമായി (top-down) വിനിമയം ചെയ്യുമ്പോൾ സ്വീകർത്താക്കൾക്ക് ലഭ്യമാകുന്നത് മാധ്യമ മുതലാളിമാരുടെ അഭിരുചിക്ക് അനുസൃതമായ വിഭവങ്ങളാണ്. മാധ്യമപ്രവർത്തകർ തെരഞ്ഞെടുക്കുന്ന വിഭവങ്ങൾ 'മാധ്യമ കാഴ്ചപ്പാടുകൾക്ക് അനുസൃതമായി അരിച്ച് (filter), തിരിച്ച്, വ്യാഖ്യാനിച്ച് ബഹുജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കും. ഇവിടെയാണ് നവ മാധ്യമങ്ങൾ വിപ്ലവം സൃഷ്ടിച്ചത്. ആർക്കും ഏതുസമയത്തും എവിടെയിരുന്നും ആരുടെയും നിയന്ത്രണമോ നിർദ്ദേശമോ ഇല്ലാതെ സ്വതന്ത്രമായി വിഭവങ്ങൾ ആഗോളതലത്തിൽ പങ്കുവെയ്ക്കാം. നവമാധ്യമങ്ങളിൽ സ്ഥലകാല പരിധികൾക്കപ്പുറത്തേക്കുള്ള അറിവിന്റെ സ്വതന്ത്രമായ ഒഴുക്ക് (flow of information) സാധ്യമായി. മാധ്യമ മേലാളന്മാരുടെയോ മാധ്യമ ഭീമന്മാരുടെയോ സഹായവും ഇടപെടലും ഇല്ലാതെ സ്വതന്ത്രമായി വിഭവങ്ങൾ ആഗോളതലത്തിൽ എവിടെയും ലഭ്യമാകുന്നു. സ്വീകർത്താവിന് താല്പര്യമുള്ള വിഭവങ്ങൾ തെരഞ്ഞെടുക്കുകയും അവയോട് പ്രതികരിക്കുകയും ചെയ്യാം. ഏകദിശപരമായ വൻകിട ബഹുജന മാധ്യമങ്ങൾ, നവീന മാധ്യമമായപ്പോൾ ഇരുദിശാപരമായി (two-way) സംവേദനത്തെ ജനകീയവൽക്കരിച്ചു. സംവാദം (dialogue), ചർച്ച (discussion), വ്യക്തിബന്ധം (realationship) എന്നിവ സൃഷ്ടിച്ച് സംവേദനം 'കണ്ടും കേട്ടും' ദൃഢതരമാക്കുന്നു[4].

2. നവമാധ്യമങ്ങളും ഇടയ ശുശ്രൂഷയും

നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (മാർക്കോസ് 16:15) എന്ന യേശുക്രിസ്തുവിന്റെ അന്ത്യ സന്ദേശം സമ്പൂർണ്ണമായി പ്രാവർത്തികമാക്കുവാൻ കഴിയുന്ന ഒരു യുഗമാണിത്. 'നവമാധ്യമങ്ങൾ' വഴി ഭൂലോകം മുഴുവൻ ക്രിസ്തുസന്ദേശവും ഇടയ ശുശ്രൂഷയും നൽകുവാൻ കഴിയും.

ദൈവം മനുഷ്യസമൂഹത്തിൽ വെളിപ്പെട്ടത് സംവേദനത്തിലൂടെയാണ്. 'ജീവനുള്ള ദൈവം' (The living world) എന്നതിൽ വെളിപ്പെടൽ (Revelation) മാത്രമല്ല ദൈവം ആരെന്നും വ്യക്തമാക്കുന്നു. ദൈവത്തിന്റെ ആത്യന്തിക സംവേദനം വെളിപ്പെടുന്നത് യേശുക്രിസ്തുവിലൂടെയാണ്. വചനം ജഢമായിത്തീർന്നു (എബ്രാ. 1:1-3, യോഹ. 1:14). സഭയുടെ അടിസ്ഥാന തത്ത്വങ്ങളിൽ ഒന്നാണ് സംവേദനം. ദൈവസ്നേഹം ലോകത്ത് സംവേദിപ്പിക്കുക എന്ന ഉത്തരവാദിത്ത്വമാണ് പ്രധാനം. ആരാധിക്കുന്നവരുടെ കൂട്ടായ്മയും (Koinonia) സ്നേഹത്തിന്റെ ശുശ്രൂഷയും (Diokonia), ക്രിസ്തുസുവിശേഷം പ്രഖ്യാപിക്കുകയും (Kerygma) ചെയ്യുന്ന ഇടയശുശ്രൂഷയാണ് സഭയ്ക്കുള്ളത്. ഇത് ക്രിസ്തുവിൽ വെളിപ്പെട്ട സ്നേഹത്തിൽ അധിഷ്ഠിതമായ ശുശ്രൂഷയായിത്തീരണം. സത്യം, സ്നേഹം, നീതി, സമത്വം, ത്യാഗം, സമാധാനം എന്നിവയുടെ പൂർണ്ണതയാണ് ഇടയശുശ്രൂഷയിൽ പ്രതിഫലിക്കേണ്ടത്.

ലോകത്തിന്റെ വിവിധഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന വിശ്വാസസമൂഹത്തിന് എങ്ങനെ ഫലപ്രദമായി ഇടയപരിപാലനം നൽകുവാൻ കഴിയും എന്നുള്ള അന്വേഷണം ശക്തിപ്പെടുത്തേണ്ടതാണ്[5]. നവമാധ്യമങ്ങൾ വഴിയുള്ള ഇടയ ശുശ്രൂഷയുടെ വിവിധതലങ്ങൾ ശാസ്ത്രീയമായി പരിപോഷിപ്പിക്കുവാൻ സഭകൾക്ക് കഴിയണം. അനേകകാലം ജന്മദേശത്തുനിന്നും അകന്നുകഴിയുന്ന, വിദൂരസ്ഥരായ, വിശ്വാസസമൂഹത്തെ സഭാപാരമ്പര്യത്തിലും തനിമയിലും നിലനിർത്താൻ പ്രേരിപ്പിക്കുന്ന ഏകസാധ്യത നവമാധ്യമങ്ങൾ മാത്രമാണ്. നവമാധ്യമരംഗത്ത് ഫേസ് ബുക്ക്, ടിറ്റർ, ഗൂഗിൾ പ്ലസ് ഉൾപ്പെടെയുള്ള ഇന്റർനെറ്റ് കൂട്ടായ്മകൾ അഥവാ സാമൂഹിക മാധ്യമങ്ങൾ (social media) സൃഷ്ടിക്കുന്നത് വമ്പിച്ച സാമൂഹിക മാറ്റങ്ങളാണ് ഇന്റർനെറ്റിലെ സാമൂഹിക കൂട്ടായ്മകൾ (social media) വഴിയുള്ള ഇടയശുശ്രൂഷ ഗൗരവമായി സ്വീകരിക്കുവാൻ സഭകൾക്ക് കഴിയണം. 'ലോകത്തിന്റെ അറ്റത്തോളം...' വ്യാപിച്ച പ്രവാസി സമൂഹത്തിന് ഫലപ്രദമായ ഇടയ ശുശ്രൂഷ പങ്കിടുവാൻ (diaspora mission) നവമാധ്യമങ്ങൾക്ക് കഴിയുന്നു. ഇനിയും ഇതിൽ അനന്തമായ സാധ്യതകൾക്ക് വഴിതെളിക്കുകയാണ്[6]. പ്രവാസികളായ സഭാ മക്കളോട് ഏതുതരത്തിലുള്ള കടപ്പാടാണ് നമുക്കുള്ളത്. സഭയ്ക്ക് അവരുടെ പണം മാത്രം മതിയോ? അവരുടെ ആദ്ധ്യാത്മികമായ ജീവിതത്തെ പരിപോഷിപ്പിക്കുവാനും സഹായിക്കുവാനും മാതൃസഭയ്ക്ക് ഉത്തരവാദിത്വം ഇല്ലേ?

3. നവമാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ

നവമാധ്യമങ്ങൾക്കും വിവിധങ്ങളായ തലങ്ങളുണ്ട്. അവയുടെ നന്മയും തിന്മയും നാം അവയെ എങ്ങനെ സമീപിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഇടയശുശ്രൂഷയിൽ നവമാധ്യമങ്ങളുടെ ഗുണപരമായ സാധ്യതകൾ കഴിയുന്നത്ര ഫലപ്രദമാക്കി തീർക്കുവാൻ കഴിയണം[7].

1. നവമാധ്യമങ്ങൾ സംവേദനത്തിൽ ശക്തമായി ഇടപെടുന്നു

കാല-ദേശ-പ്രായഭേദമെന്യെ പരസ്പരം ബന്ധിപ്പിക്കുവാൻ നവമാധ്യമങ്ങൾക്ക് കഴിയുന്നു. ഇവ പരസ്പരം ബന്ധിതമാകുന്നതിനാൽ ഒരേ താല്പ

ര്യക്കാർക്ക് ആശയാവിഷ്ക്കാരങ്ങൾ ദ്രുതഗതിയിൽ ലഭ്യമാകുന്നു. സമാഭിപ്രായമുള്ള നിരവധിപ്പേരിലേക്ക് അത് വ്യാപിപ്പിക്കുവാനും കഴിയും. സോഷ്യൽ നെറ്റ്വർക്കുകളുടെ സ്വാധീനം ഇപ്പോൾ വളരെയാണ്. ബറാക് ഓബാമയുടെ ഇലക്ഷൻ പ്രചരണം മുതൽ ഇതിന് വ്യാപകമായ പ്രചാരം ഉണ്ടായി. പൊതുവിഷയങ്ങളോ ഇഷ്ടപ്പെട്ട വിഷയങ്ങളോ പരസ്പരം പങ്കിടുന്നതിനാൽ നവമാധ്യമങ്ങൾ ഒരേ സമയം വ്യക്തിപരവും സാങ്കേതികപരവുമായിരിക്കും. ഇവ ജനങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയാണ്. ഇന്ത്യയിലെ ടെലിഫോൺ കമ്പനികൾ Connecting India, Connecting People എന്നാണ് മുദ്രാവാക്യം ഉയർത്തുന്നത്. ബഹുജനങ്ങളെ പൊതുവിഷയങ്ങളിൽ പരസ്പരം ബന്ധിപ്പിക്കുവാൻ കഴിയുന്ന നവമാധ്യമങ്ങൾ ചില വിഷയങ്ങളിൽ സാമൂഹിക മുന്നേറ്റമായി (Social Movements) മാറാറുണ്ട്. നവമാധ്യമങ്ങളിലൂടെ പടർന്നു കയറിയ ആവേശമാണ് ടുണിഷ്യ. ഈജിപ്റ്റ് എന്നിവിടങ്ങളിലെ ജനകീയ വിപ്ലവങ്ങൾ. ഇതിൽ നവസാങ്കേതിക കൂട്ടായ്മകൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ഡൽഹിയിൽ സർക്കാരിന്റെ അഴിമതിക്കെതിരെ നടന്ന അണ്ണാഹസാരേയുടെ സത്യാഗ്രഹവും ബാബാ രാംദേവിന്റെ സമരവും ജനകീയമാക്കിയത് നവസാങ്കേതിക കൂട്ടായ്മയാണ്. പൊതുസമൂഹത്തിന്റെ സംവേദന പ്രക്രിയയിലേക്ക് പ്രത്യക്ഷമായും പരോക്ഷമായും ഇടപെടുവാൻ നവമാധ്യമങ്ങൾക്കുള്ള കരുത്ത് അനന്തമാണ്.

2. നവമാധ്യമങ്ങൾ സംവേദന പ്രക്രിയയെ ത്വരിതപ്പെടുത്തുന്നു.

നവമാധ്യമങ്ങൾക്ക് സ്ഥലകാലങ്ങളെ ഭേദിക്കുവാൻ കഴിയുന്നു. ഞൊടിയിടയിൽ ബഹുസഹസ്രം വിഭവങ്ങൾ സംവേദിപ്പിക്കപ്പെടുവാൻ കഴിയുന്നു. എവിടെയും എപ്പോൾ വേണമെങ്കിലും ഏതുതരം ഡിജിറ്റൽ ഉപകരണങ്ങളിലും (digital device) വിഭവങ്ങൾ ലഭ്യമാകുന്നു. ഇപ്പോൾ ഇതിന് മുഖ്യപങ്കാളിത്തം വഹിക്കുന്നത് 3 ജി, 4 ജി മൊബൈൽ ഫോണുകളാണ്. ടെക്നോളജിയുടെ മികവ് ഉപകരണങ്ങളെ ചെറുതാക്കി. ഇലക്ട്രോണിക് പ്രസിദ്ധീകരണങ്ങൾ, ഇ-ബുക്കുകൾ, ഇ-ബുള്ളറ്റിനുകൾ, വീഡിയോ ചിത്രങ്ങൾ എന്നിവയെല്ലാം ദ്രുതഗതിയിൽ ആഗോളതലത്തിൽ പ്രചരിക്കപ്പെടുന്നു.

3. നവമാധ്യമങ്ങൾ സംവേദനത്തെ ആഗോളികരിക്കുന്നു.

നവമാധ്യമ കൂട്ടായ്മകളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ ഒരുസമയം സാങ്കേതികമായി പരസ്പരം കണ്ട് സംസാരിക്കുവാനും സന്ദേശങ്ങൾ വാമൊഴിയായും വരമൊഴിയായും പങ്കിടാനും കഴിയുന്നു. ചെറുതും വലുതുമായ സന്ദേശങ്ങളും ദൃശ്യങ്ങളും അതിർത്തികൾ ഭേദിച്ച് നെറ്റുവർക്കിലുള്ള ഏവർക്കും ലഭ്യമാകുന്നു. ആഗോളതലത്തിൽ വ്യാപകമായ ഇലക്ട്രോണിക് വലയിൽ സംവേദനം പരസ്പരം വിനിമയം ചെയ്യപ്പെടുന്നു. ഇപ്പോൾ ഇന്റർനെറ്റ് ഉപയോഗം കമ്പ്യൂട്ടറിലോ ലാപ്ടോപ്പിലോ അല്ല. മൊബൈൽ ഫോണിലാണ്. ഇന്ത്യയിൽ 2011ൽ 75 കോടി സെൽഫോൺ ഉപഭോക്താക്കൾ ഉണ്ട്. അനുദിനം ഇത് വർദ്ധിക്കുകയാണ്. മൊബൈൽ നവ മാധ്യമമായതോടെ ഏവർക്കും അനായാസം ഉപയോഗിക്കുവാൻ കഴിയുന്നു.

4. നവമാധ്യമങ്ങൾ സംവേദനത്തെ ഫലപ്രദമായി ആവിഷ്ക്കരിക്കുന്നു.

നവമാധ്യമങ്ങൾ സംവേദനത്തെ ഫലപ്രദവും ജനകീയവുമാക്കി. സൈബർ സംസ്കാരം എന്നത് പാരസ്പര്യതയാണ് (Interactivity). ഒന്നിൽ നിന്ന് പലരിലേക്കുമുള്ള സംവേദന സമ്പ്രദായത്തെ (one-to-many) പലരിൽ നിന്ന് പലരിലേക്ക് (many to many) വഴിതിരിച്ചു. വ്യക്തിതല സംവേദനം (interpersonal communication) ഒരാളും മറ്റൊരാളും (one-to-one) ആണെങ്കിൽ ബഹുജന മാധ്യമങ്ങൾ ഒന്നിൽ നിന്നും പലരിലേക്ക് (one - to -many) ആണ്. എന്നാൽ നവമാധ്യമങ്ങൾ പലരിൽ നിന്നും പലരിലേക്ക് (many to many) സംവേദിക്കപ്പെടുന്നു. ആഗോളതല നെറ്റ്വർക്കിന്റെ വലയത്തിൽ ഇവ ഉൾപ്പെട്ടിരിക്കുന്നു. നവമാധ്യമങ്ങൾ വ്യക്തിപരാധിഷ്ഠിതമാകുന്നതിനാൽ (individuation) ഉദ്ദേശിത സംവേദനത്തിൽ സജ്ജീവ സാന്നിദ്ധ്യമാകുന്നു.

5. നവമാധ്യമങ്ങളിലെ ഭാഷ ലളിതവും ഹൃദ്യവുമാണ്.

നവ മാധ്യമ ഭാഷയിൽ ഇംഗ്ലീഷാണ് ആധിപത്യം പുലർത്തുന്നത്. പ്രാദേശിക ഭാഷകളിലും സംവേദന സുസാദ്ധ്യമാണ്. ഇപ്പോൾ 'മാധ്യമ ഭാഷ ശൈലി' ശക്തിപ്പെട്ടിട്ടുണ്ട്. അത് ലളിതവും ഹൃദ്യവുമായുള്ള അവതരണ രീതിയാണ്. എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ വിജ്ഞാനവിഭവങ്ങൾ അവതരിപ്പിക്കുവാൻ കഴിയുന്നു. ഭാഷയിലും അവതരണത്തിലും നൂതനങ്ങളായ പരിവർത്തനങ്ങളാണ് അനുദിനം വികസിക്കുന്നത്. നവമാധ്യമങ്ങൾ ഭാഷയുടെ അവതരണവും പ്രചരണവും നിർവ്വഹിക്കുന്ന രീതി വളരെ വ്യത്യസ്തമാണ്. ദ്രുതഗതിയിൽ സന്ദേശങ്ങൾ സംവേദിപ്പിക്കുക എന്നതാണ് പൊതുതത്ത്വം.



4. നവമാധ്യമങ്ങളിലെ നിഷേധ നിലപാടുകൾ

സംവേദനത്തിന്റെ ശക്തമായ അടിത്തറ പൗരബോധമുള്ള പൊതുസമൂഹത്തിലാണ് (civil society) നിലനിൽക്കുന്നത്. എന്നാൽ നവമാധ്യമങ്ങൾ തകർക്കുന്നത് പൊതുസമൂഹത്തെയാണ്. ആധുനികവൽക്കരണവും ആഗോളവൽക്കരണവും സൃഷ്ടിച്ച പുത്തൻ സാഹചര്യങ്ങൾ രാഷ്ട്രം (Nation), പൊതുസമൂഹം (Public sphere), വിപണി (Market) എന്നിവയ്ക്ക് സമഗ്രമായ പരിവർത്തനം ഉണ്ടാക്കി. ഇപ്പോൾ വിപണിയുടെ മുന്നിൽ രാഷ്ട്രവും പൊതുസമൂഹവും സഭയും നിഷ്പ്രഭമായി. ബഹുരാഷ്ട്ര കമ്പിനികൾക്കുമുമ്പിൽ രാഷ്ട്രം വാണിജ്യതാല്പര്യങ്ങൾക്ക് കരാർ എഴുതിയപ്പോൾ തകർത്തതും പൊതുസമൂഹത്തെയാണ്. വിപണിയുടെ അപ്രമാദിത്വം ശക്തിപ്പെടുമ്പോൾ ശിഥിലമാകുന്നത് രാഷ്ട്രവും പൊതുസമൂഹവുമാണ്. വിപണി ഇപ്പോൾ പൊതുസമൂഹത്തെ (civil society) കീഴ്പ്പെടുത്തി ഉപഭോഗ സമൂഹത്തെ സൃഷ്ടിച്ചു (Consumer society). ഈ സാമൂഹികപരിവർത്തനത്തിൽ മുഖ്യ പങ്കുവഹിച്ചത് നവവിവരസാങ്കേതിക വിദ്യയാണ് (New information techonology). പൊതുസമൂഹത്തെ അട്ടിമിറിച്ച് സാങ്കേതികമായ പരസ്പരാശ്രയ സമൂഹത്തെ (Networking society) സൃഷ്ടിച്ചപ്പോൾ 'പൊതുസമൂഹം' ഒറ്റയാന്മാരും അണുപ്രേക്ഷകരുമായി (Atomised audience). പൊതുസമൂഹം ഒന്നിച്ചുചേർന്നിരുന്ന ഗ്രാമങ്ങൾ, ഉത്സവപറമ്പുകൾ, പെരുന്നാളുകൾ, വായനശാലകൾ എന്നിവിടങ്ങളിൽ നിലനിന്ന സംഘബോധവും സംഘാത്മകതയും അന്യമായി. ഇവിടെങ്ങളിൽ നിന്ന് വൻതോതിൽ ആളൊഴിഞ്ഞുകൊണ്ടിരിക്കുന്നു. ജനസഞ്ചയമായ പൊതുവിടങ്ങളിൽ നിന്നും ആളൊഴിച്ച് അരാജകത്വം സൃഷ്ടിക്കുന്നതിൽ ഇപ്പോൾ മുഖ്യപങ്കുവഹിക്കുന്നത് നവമാധ്യമങ്ങളാണ്. പൊതുസമൂഹത്തെ ശിഥിലമാക്കുന്ന സമ്പ്രദായങ്ങളും ദർശനങ്ങളും അടിസ്ഥാനമാക്കിയാണ് ഇവയുടെ ആഗോളവ്യാപകമായ പ്രവർത്തനങ്ങൾ.

നവമാധ്യമങ്ങൾ അനുദിനം പൊതുസമൂഹത്തെ അണുപ്രേക്ഷകരാക്കുന്നു. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് (separated), ശിഥിലമാകുന്നവർ (fragmented) ജീർണ്ണിച്ച അധികാരഘടനയോ, സാമൂഹിക തിന്മയെയോ ചോദ്യം ചെയ്യുകയോ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുകയോ ചെയ്യാതെ തികച്ചും 'മൗനികളും' 'നിഷ്പക്ഷരും' ആയിതീരുന്നു. പൊതുസമൂഹത്തിൽ നിന്നും അന്യമായ 'വേറിട്ട നിലപാടുകൾ' ഇക്കൂട്ടർ സ്വീകരിക്കും. അത് സാമൂഹ്യബന്ധങ്ങൾക്ക് ചേർന്നവ ആയിരിക്കുകയുമില്ല.

നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന അയഥാർത്ഥ പൊതുസമൂഹത്തിൽ (virtual public sphere)[8] 'പൗരസമൂഹം' ഉപഭോക്താക്കളായിതീർന്നു. ഇപ്പോൾ ശക്തിപ്പെടുന്ന 'ലാഭാധിഷ്ഠിതമായ വിപണി'യുടെ സ്വാധീനമാണ് സഭയിലും സമൂഹത്തിലും പ്രകടമാകുന്നത്. വിപണിയുടെ പ്രത്യയ ശാസ്ത്രത്തിലാണ് ഇപ്പോൾ ഇടയശുശ്രൂഷയും പുനക്രമീകരിക്കുന്നത്. അതിനാൽ സഭയും സമൂഹവും നവമാധ്യമങ്ങൾ സൃഷ്ടിച്ച വിപണിയുടെ കെണിയിൽ അകപ്പെട്ടിരിക്കുകയാണ്. ഇത് തിരിച്ചറിയുവാൻ കഴിയുകയെന്നതാണ് ഇടയശുശ്രൂഷയുടെ സത്വരമായ നടപടിക്രമം. നവമാധ്യമങ്ങളിലെ നിഷേധനിലപാടുകൾക്ക് എതിരേ പ്രതിരോധിക്കുവാനുള്ള കരുത്തും ഇടയശുശ്രൂഷയിൽ വികസിപ്പിക്കണം. നവമാധ്യമങ്ങളിലെ ചില നിഷേധസമീപനങ്ങളെ വിമർശനപൂർവ്വം സമീപിക്കേണ്ടതാണ്:

1. നവമാധ്യമങ്ങൾ വഴിയുള്ള ഇടയ ശുശ്രൂഷ അവ്യക്തിപരമാണ് (impersonal). വ്യക്തേതരമായ (depersonalizing) സംവേദന ക്രമത്തിനാണ് പ്രാധാന്യം.

2. വിശ്വാസ സമൂഹത്തിന് വിഭവങ്ങൾ നേരിട്ട് (interpersonal) ലഭ്യമാകാത്തതിനാൽ വിശ്വാസ വിപരീതങ്ങൾ വർദ്ധിക്കുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യും. ആവശ്യമായ തിരുത്തലുകൾ നൽകുവാൻ കഴിയാതെ വരുന്നു.

3. സമൂഹത്തെ ഏക ജാതീയതയുള്ള (Homogenious) ചെറു സമൂഹമാകുന്നു. അണു പ്രേക്ഷകർ (atomised audience) എന്നും സമൂഹത്തെ നാരുനാരാക്കുന്ന, തുണ്ടുതുണ്ടാക്കുന്ന (digitalization) ഒറ്റയാൾ പ്രക്രിയ എന്നും ഈ സംസ്കാരം അറിയപ്പെടുന്നു.

4. നവമാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെടുന്ന സന്ദേശങ്ങൾ, സുഭക്ഷിത സുവിശേഷത്തിന്റേതാണ് (Prosperity Gospel).

5. സംവേദനം വരേണ്യവർഗ്ഗത്തിന്റെതായി തീരുന്നു. ഇംഗ്ലീഷ് അറിയാത്തവരും ദരിദ്രരും സൈബർ സ്പെയിസിനു (Cyber space) പുറത്താണ്.

6. നവമാധ്യമങ്ങളിലെ ചർച്ചകളും വ്യാഖ്യാനങ്ങളും അധികാരകേന്ദ്രങ്ങൾക്ക് ബദലായിട്ടും (Anti hierarchical) ബദൽ ചർച്ചകൾക്കുള്ള പൊതുവേദിയായും (public platform) കണക്കാക്കപ്പെടുന്നുണ്ട്.

7. പാശ്ചാത്യ മൂല്യങ്ങളും ദൃശ്യങ്ങളും സന്ദേശങ്ങളും അതിവ്യാപകമായി പ്രചരിക്കപ്പെടുന്നു. (Cyber Sex, Cyber Crime). സഭകൾക്ക് ഇവയെ പ്രതിരോധിക്കുവാനുള്ള ഒരു സംവിധാനങ്ങളും ഇപ്പോൾ ഇല്ല.

8. കണ്ടും കേട്ടും കൊടുത്തുമുള്ള യഥാർത്ഥസഭയുടെ (Real Church) ബദൽ മാതൃകയാകുന്നു സൈബർ ചർച്ച് (Cyber Church). ഇവിടെ മുഖാമുഖ വ്യക്തിബന്ധം ഇല്ല. (interpersonal relations) സാങ്കേതികതമായ അവ്യക്തിബന്ധങ്ങൾ മാത്രം (impersonal relations). ഇവ ഇലക്ട്രോണിക് ചർച്ച് (electronic church) എന്നും അറിയപ്പെടുന്നു.

9. നവമാധ്യമങ്ങൾ ജനങ്ങളെ വിവിധതരത്തിൽ വിഭജിതരാക്കുന്നു. digital divde എന്നും social exclusion എന്നും ഇത് അറിയപ്പെടുന്നു. അറിവിൽ സമ്പന്നരും അറിവിൽ ദരിദ്രരും തമ്മിലുള്ള അനുപാതം വർദ്ധിക്കുന്നു. (Information Rich and Information Poor)

10. മനുഷ്യാവകാശവും മനുഷ്യാന്തസ്സും നവമാധ്യമങ്ങളിൽ നിഷേധിക്കപ്പെടുന്നു. അയഥാർത്ഥ സ്വത്വം (Virtual Identity) വർദ്ധിക്കുകയും സ്വാതന്ത്ര്യവും (freedom) സ്വകാര്യതയും (privacy) സ്ത്രീത്വവും (Womenhood) നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

നവമാധ്യമങ്ങളിൽ അനേക നന്മകൾ ഉണ്ടെങ്കിലും സത്യസന്ധത, സാമൂഹിക പ്രതിബദ്ധത, സാമൂഹിക നീതി, ജനാധിപത്യത്തോടുള്ള വിശ്വാസം, നൈസ്സർഗ്ഗികമായ മനുഷ്യബന്ധം, തുടങ്ങി പല മൂല്യങ്ങളും നിഷേധിക്കപ്പെടുന്നു. ഇതിൽ അനേക സൗകര്യങ്ങൾ ലഭ്യമാണെങ്കിലും മനുഷ്യന്റെ സ്വകാര്യത തന്നെ തകർക്കുകയാണ്.

5. നവമാധ്യമങ്ങളും ഇടയശുശ്രൂഷയും സാധ്യതകളും വെല്ലുവിളികളും

ഇടയശുശ്രൂഷയിൽ നവമാധ്യമങ്ങളുടെ സാന്നിദ്ധ്യം ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം. പുതുതലമുറ നവമാധ്യമങ്ങളിൽ കേന്ദ്രീകൃതമായ ജീവിതശൈലി രൂപപ്പെടുത്തുകയാണ്. ഇടവകകളിൽ യുവജനങ്ങളുടെ ക്രിയാത്മക ഇടപെടലുകളും സാന്നിദ്ധ്യവും അന്യമാകുന്നു. വ്യക്തിബന്ധങ്ങൾക്കോ സാമൂഹിക പ്രവർത്തനങ്ങൾക്കോ യുവജനങ്ങളെ ലഭ്യമാകുന്നില്ല. യുവജനങ്ങളുടെ സമഗ്രമായ വളർച്ചയും അപ്രത്യക്ഷമാകുന്നു. ഇത്തരം സാഹചര്യത്തിൽ ഇടവകതലത്തിൽ ഫലപ്രദമായ ഇടയശുശ്രൂഷയുടെ അനന്തസാധ്യതകൾ കൂട്ടായ ചർച്ചയിലൂടെ കണ്ടെത്തേണ്ടതാണ്. പുതിയ വാർത്താവിതരണ സംവിധാനങ്ങൾ വഴി ജീവന്റെയും നന്മയുടെയും സത്വാർത്ത ലോകത്തിന്റെ അറ്റത്തോളം... അറിയിക്കുവാൻ കഴിയണം. ഇതിന് പരമ്പരാഗത മാർഗ്ഗങ്ങൾക്ക് ഒപ്പം സോഷ്യൽ നെറ്റ്വർക്കിങ്ങിലെ ടിറ്റർ, ഓർക്കൂട്ട്, യു ട്യൂബ്, ഫേസ്ബുക്ക്, ഫ്ളിക്കർ തുടങ്ങിയ ലിങ്കുകൾ ഉപയോഗപ്രദമാക്കുവാൻ കഴിയണം. 'വേൾഡ് വെബ്'എന്ന ആഗോള വിവരവിതരണ ശൃംഖല അനുദിനം മാറുകയാണ്. സ്മാർട്ട് ഫോണുകളുടെ വരവോടെ 'വിവിധോദ്ദേശ്യ സേവനങ്ങളുടെ പൊതുസ്ഥലം' എന്നനിലയിൽ സമ്പർക്ക സമ്പ്രദായങ്ങൾക്ക് മാറ്റം വന്നു. ചാറ്റു മുതൽ പരസ്പരം കണ്ട് സംസാരിക്കാവുന്ന വീഡിയോ ചാറ്റിങ്ങ് വരെ സ്മാർട്ട് ഫോണിന്റെ അവിഭാജ്യഘടകമായി. നവസാങ്കേതിക രംഗത്തെ അഭൂതപൂർവ്വമായ വളർച്ചക്കൊപ്പം സഞ്ചരിക്കുവാനും 'നന്മയും തിന്മയും' വിവേചിച്ചു പഠിപ്പിക്കുവാനും ഇടയശുശ്രൂഷയ്ക്ക് കഴിയണം.

1. സംവേദന നൈപുണ്യമുള്ളവരുടെ സംഘടിതവും കേന്ദ്രീകൃതവുമായ മാധ്യമ ശുശ്രൂഷാസംവിധാനം സഭകൾക്ക് ഉണ്ടാകണം. ഇതിനായി അത്മായ -വൈദിക കൂട്ടായ്മ വേണം.

2. അനുനിമിഷം വിവരവിജ്ഞാനങ്ങൾ Upload ചെയ്യുവാനുള്ള സാങ്കേതിക മികവുള്ള സ്റ്റുഡിയോ സംവിധാനം ഉണ്ടാകണം.

3. നവമാധ്യമങ്ങളുടെ മുഖ്യ target audience 40 വയസ്സ് വരെയുള്ള യുവജനങ്ങളാണ്. യുവജനങ്ങളുടെ അഭിരുചിക്കനുസൃതമായ വിഭവങ്ങൾ കേന്ദ്രീകൃതമായ സംവിധാനങ്ങളിൽ ഫലപ്രദമായി നൽകുവാൻ കഴിയണം.

4. നവമാധ്യമങ്ങൾ വഴിയുള്ള ഫലപ്രദമായ ഇടയശുശ്രൂഷയ്ക്കുള്ള പ്രബോധനങ്ങൾ, ശില്പശാലകൾ, വിശ്വാസപ്രബോധന സംഘങ്ങൾ, മാധ്യമബോധനം എന്നിവ വിവിധ തലങ്ങളിൽ വികസിപ്പിക്കണം. 'നവമാധ്യമ സാക്ഷരത' (New media literacy) ഇടവകതലത്തിൽ ഫലപ്രദമാക്കണം. മാധ്യമ സാക്ഷരതയിൽ മാധ്യമങ്ങളിലെ നന്മതിന്മകളെ തിരിച്ചറിയുകയാണ്

5. മലങ്കരസഭയുടെ വേദശാസ്ത്രം, ചരിത്രം, വിശ്വാസം, വേദവ്യാഖ്യാനം എന്നിവ നവമാധ്യമങ്ങളിലൂടെ സംവേദിക്കപ്പെടുവാനുള്ള സംവിധാനങ്ങൾ (Net working forms) ഫലപ്രദമായി ആവിഷ്ക്കരിക്കണം. 'മാധ്യമ ലഹരിക്ക്' അടിമയാകുന്നവർക്കുള്ള കൗൺസലിങ്ങും (Media de-addiction programme) ഉണ്ടാകണം

ഉപസംഹാരം

നവമാധ്യമങ്ങളുടെ സാധ്യതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് പൗരോഹിത്യ ധർമ്മം ഫലപ്രദമാക്കിതീർക്കുവാൻ കഴിയണം. ആഗോളവൽക്കരണം സൃഷ്ടിച്ച വിപ്ലവകരമായ സാമൂഹിക പരിവർത്തനത്തിന്റെ മദ്ധ്യേയാണ് ഇടയശുശ്രൂഷ. നവമാധ്യമങ്ങളുടെ ഗുണപരമായ സാദ്ധ്യതകൾ ഇടയശുശ്രൂഷയിൽ പ്രയോജനപ്പെടുത്തണം. ബുദ്ധിപരമായി അവയുടെ നന്മകൾ ഉൾക്കൊണ്ട് ഇടയശുശ്രൂഷയുടെ നവീനമായ വെല്ലുവിളികളെ നേരിടുവാനുള്ള പര്യാപ്തത നേടണം[10]. ഇടയശുശ്രൂഷയിൽ സ്ഥലകാലങ്ങൾക്കതീതമായ അനന്തസാദ്ധ്യതകളാണ് നവമാധ്യമങ്ങൾ വഴിതുറക്കുന്നത്. ഡിജിറ്റൽ യുഗത്തിൽ യുവതലമുറയ്ക്ക് ആവശ്യമായ ഫലപ്രദമായ ഇടയപരിപാലനം നിർവ്വഹിക്കുവാനുള്ള സാധ്യതകൾ ശാസ്ത്രീയമായി കണ്ടെത്തേണ്ടതുണ്ട്.

അടിക്കുറിപ്പുകൾ

1. Church still remains in Guttenberg Galaxy is a criticism aganist the Church. Explain the need for using modern information technologies in Christian Ministry (BD /263, 2011)

2. നവമാധ്യമങ്ങൾ വഴിയുള്ള ഇടയപരിപാലനത്തിന്റെ സാധ്യതകളും വെല്ലുവിളികളും പൊതുവായി ഇതിൽ അന്വേഷിക്കുന്നു. ഇടയശുശ്രൂഷ പുതുതലമുറയ്ക്ക്, പ്രത്യേകിച്ച് പ്രവാസി സമൂഹത്തിന് അർത്ഥവത്താക്കി തീർക്കുവാൻ നവമാധ്യമങ്ങളിലെ അനന്തസാധ്യതകൾ ഒരുപരിധിവരെ പ്രയോജനപ്പെടുത്തുവാൻ സഭകൾക്ക് കഴിയണം. എന്നാൽ അതിലെ നന്മയും തിന്മയും തിരിച്ചറിയുകയും വേണം

3. നവമാധ്യമങ്ങൾ 2011ലും ശൈശവദശയിലാണ്. 1998 ലാണ് ഗൂഗിൾ വന്നത്. പിന്നീടാണ് വിക്കീപീഡിയ (2001), ഫേസ്ബുക്ക് (2004) ഓർക്കൂട്ട് (2004), യൂ ട്യൂബ് (2005), ടിറ്റർ (2006), ഗൂഗിൾ പ്ലസ് (2011) എന്നിവ എത്തിയത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 200 കോടി ഇന്റർനെറ്റ് കണക്ഷനുകൾ ഉണ്ടായി. 2020 ആകുമ്പോൾ ഇത് ആയിരം കോടിയായി ഉയരും എന്ന് വിദഗ്ദർ പ്രവചിക്കുന്നു. അതിനാൽ നവമാധ്യമങ്ങളിലുള്ള (social media) പരിജ്ഞാനം ഇനിയും അനിവാര്യമായിതീരുന്നു.

4. വിവര-വിജ്ഞാന വ്യാഖ്യാനത്തിന് നൂതന സാധ്യതകൾ നവമാധ്യമങ്ങളിൽ ഉണ്ടെങ്കിലും മുഖ്യമായും അഞ്ചുതരത്തിലുള്ള വിഭവങ്ങളാണ് ഇപ്പോൾ കൂടുതൽ പ്രത്യക്ഷപ്പെടുന്നത്. വ്യക്തിപരമായ വിവരങ്ങളും സചിത്ര

രേഖകളും, 2. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ വ്യാഖ്യാനങ്ങളും അഭിപ്രായങ്ങളും, 3. വിവിധ വിഷയങ്ങളോടുള്ള വൈകാരികമായ ആവിഷ്ക്കാരങ്ങൾ, 4. വാമൊഴിയും വരമൊഴിയും ഉൾക്കൊള്ളിച്ചുള്ള വീഡിയോ അവതരണങ്ങൾ, 5. കമ്മ്യൂണിറ്റി ഫോറങ്ങളിലേക്ക് മാത്രമുള്ള സംവേദനക്രമം.

5. ഇന്ത്യയിൽ നവമാധ്യമ തരംഗം 2011ലും ഉണ്ടായിട്ടില്ല. വികസിത രാജ്യങ്ങളിലാണ് നവമാധ്യമങ്ങളുടെ ശക്തമായ സ്വാധീനം. ഇന്ത്യയിലെ യുവതലമുറ പഠനം, ജോലി, സ്ഥിരവാസം എന്നിവയ്ക്കായി ഇപ്പോൾ കുടിയേറുന്നത് വൻകിടരാജ്യങ്ങളിലാണ്. വ്യക്തിബന്ധങ്ങൾക്ക് ലഭ്യമാകുന്ന ഏറ്റവും ഫലപ്രദമായ മാധ്യമമായി-നവമാധ്യമങ്ങൾ. 'വിവരവിപ്ലവം ആഘോഷിക്കുന്ന' ഇന്ത്യയിൽ 40 ശതമാനത്തിൽ അധികവും നിത്യദാരിദ്രത്തിലാണ്. നവമാധ്യമങ്ങൾ വഴിയുള്ള ഇടയശുശ്രൂഷ സഭയിലെ ഏതുവിഭാഗം ജനങ്ങളുടെ ആത്മീയതയാണ് പരിപോഷിപ്പിക്കുന്നതും സംരക്ഷിക്കുന്നതും എന്നത് തുടർ ചർച്ചകൾക്കുള്ള വിഷയം

6. യു. എസ്., ഇംഗ്ലണ്ട്, ഫ്രാൻസ്, ജപ്പാൻ, കൊറിയ തുടങ്ങിയ വികസിത രാജ്യങ്ങളിൽ നവമാധ്യമങ്ങൾ കീഴടക്കിയെങ്കിലും ഇന്ത്യയിൽ 2011ലും ഇവ വളരെ അപ്രാപ്യമാണ്. 120 കോടി ജനങ്ങളുള്ള ഇന്ത്യയിൽ 2011 ജൂൺ നാലിലെ കണക്കിൻപ്രകാരം ഫേസ് ബുക്ക് ഉപയോഗിക്കുന്നവർ മൂന്നു കോടിയിൽ താഴെ മാത്രം (2.6). ഇന്റർനെറ്റിന്റെ ഉപയോഗവും പത്തുശ്മാനത്തിൽ താഴെ മാത്രം. ഇന്ത്യയിൽ സമൂഹത്തിലെ വരേണ്യവർഗ്ഗത്തിൽപ്പെട്ട ഒരു ചെറുവിഭാഗം മാത്രമാണിതിന്റെ ഉപഭോക്താക്കൾ.

7. അമേരിക്കയിലെ പ്രതിരോധവകുപ്പിന്റെ കമ്പ്യൂട്ടർ വ്യൂഹമായ അർപാനെറ്റിൽ റെയ്മണ്ട് സാമുവേൽ ടോം ലിൻസൺ എന്ന സാങ്കേതിക വിദഗ്ദൻ 1971 ൽ ആദ്യ ഈമെയിൽ അയച്ചതോടെ നവമാധ്യമങ്ങളുടെ പ്രാരംഭമായി. ഇലക്ട്രോണിക് വിലാസത്തിലൂടെ ഇന്റർനെറ്റ് വഴി സംവേദനം നടത്തുന്ന സമ്പ്രദായമാണിത്. ആദ്യ ഇമെയിലിന് 2011ൽ 40 വയസ്സായി. അടുത്ത 10 വർഷം ഇന്റർനെറ്റിലെ നവമാധ്യമ സ്വാധീനം ശക്തമായിരിക്കും എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

8. മായിക സമൂഹം (Virtual Community) എന്നത് ഇന്റർനെറ്റിൽ ചർച്ചകൾക്കും സംവാദങ്ങൾക്കുമായി വ്യക്തികൾ തമ്മിൽ രൂപപ്പെടുത്തുന്ന കൂട്ടായ്മയാണ്. യഥാർത്ഥമായ വ്യക്തിബന്ധമോ പരിചയമോ ഇല്ലാതെ ഇവയിൽ അയഥാർത്ഥമായ ആഗോള കൂട്ടായ്മ സൃഷ്ടിക്കുന്നു. പരസ്പരം നേരിൽ കണ്ടുമുട്ടാതെ സാമൂഹിക ബന്ധങ്ങൾ ഒരുപരിധിവരെ ഇതിൽ സംരക്ഷിക്കപ്പെടുന്നതായി അവകാശപ്പെടുന്നു.

9. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, സോഫ്റ്റ്‌വെയറുകൾ, വിവരങ്ങൾ ശേഖരിച്ചിരിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ മൊബൈൽ ഫോൺ, എ.ടി.എം. എന്നിവ വഴിയുള്ള കുറ്റകൃത്യങ്ങൾ എല്ലാം സൈബർ ക്രൈമിൽ (cyber-crime) ഉൾപ്പെടും. ഇത്തരം ഉപകരണങ്ങളിലൂടെയുള്ള ലൈംഗികതയാണ് cyber sex. നിമിഷങ്ങൾക്കുള്ളിൽ സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കുവാൻ കഴിയും.

10. നവമാധ്യമങ്ങൾ, ബഹുജനമാധ്യമങ്ങൾ എന്നിവയുടെ നന്മതിന്മകൾ തിരിച്ചറിയുന്നതിനായി ഇടവകതലങ്ങളിൽ മാധ്യമ വിമർശന സംഘങ്ങൾ (media literacy forums) ഉണ്ടാകണം. വിവിധ പ്രായക്കാർ ഉൾക്കൊള്ളുന്ന ചെറുസംഘങ്ങൾ ഫലപ്രദമായി ആവിഷ്ക്കരിക്കണം. Media and information literacy forums (MIL) ന്റെ അനിവാര്യതയെക്കുറിച്ച് 2011ൽ യുനിസ്ക്കോ വിശദമായി നിർദ്ദേശിക്കുന്നുണ്ട്.

(മലങ്കര ഓർത്തഡോക്സ് സഭ വൈദികസംഘം പരുമലയിൽ നടത്തിയ വാർഷിക കോൺഫ്രൻസിൽ അവതരിപ്പിച്ച പ്രബന്ധം. ജൂൺ 2011)



പ. കാതോലിക്കാ ബാവായ്ക്ക് കെ. സി. ഇ. സി. സ്വീകരണം നൽകി

മനാമ: ബഹ്റൈനിലെ ക്രിസ്ത്യൻ എപ്പിസ്കോപ്പൽ സഭകളുടെ കൂട്ടായ്മ ആയ കേരളാ ക്രിസ്ത്യൻ എക്യുമിനിക്കൽ കൗൺസിലിന്റെ (കെ.സി.ഇ.സി.) ആഭിമുഖ്യത്തിൽ, പ. മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായ്ക്ക് സ്വീകരണം നൽകി. പ്രസിഡന്റ് റവ. ഷാബു ലോറൻസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സ്വീകരണ യോഗത്തിന് ജനറൽ സെക്രട്ടറി സോയ് പോൾ സ്വാഗതം അർപ്പിച്ചു. വൈസ് പ്രസിഡന്റുമാരായ റവ. ഡേവിഡ് വി. ടൈറ്റസ്, റവ. ബിബിൻസ് മാത്യൂസ് ഓമനാലി, റവ. ദിലീപ് ഡേവിസൺ മാർക്ക്, റവ. ഫാദർ പോൾ മാത്യു, റവ. ഫാദർ സുനിൽ കുര്യൻ ബേബി, റവ. മാത്യൂ ചാക്കോ, കെ. സി. ഇ. സി. കമ്മറ്റി അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

ബഹ്റൈൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിന്റെ 64-മത് പെരുന്നാൾ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാൻ എത്തിയതായിരുന്നു പരിശുദ്ധ കാതോലിക്ക ബാവാ. ഇന്നത്തെ ലോകത്ത് മദ്യത്തിനും മയക്ക് മരുന്നിനും എതിരെ സഭാ വ്യത്യാസങ്ങൾ കൂടാതെ ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്ന് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ഉദ്ബോദിപ്പിച്ചു.



ജോസഫ് എം. പുതുശ്ശേരിയുടെ 'കാലം കണ്ണാടി നോക്കുന്നു' എന്ന പുസ്തകം കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ വച്ച് പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ വൈക്കം വിശ്വനു നൽകി പ്രകാശനം ചെയ്യുന്നു. ജോയ് എബ്രഹാം, ഫാ. ഡോ. കെ. എം. ജോർജ്, കുര്യൻ കെ. തോമസ് കരിമ്പനത്തറ, മോൻസ് ജോസഫ്, ആന്റോ ആന്റണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. ജെ. ജോസഫ്, തോമസ് ചാഴികാടൻ, കെ.സി. ജോസഫ്, പി. കെ. കൃഷ്ണദാസ്, എസ്. രാജീവൻ തുടങ്ങിയവർ സമീപം.



ബെത്‌ലഹേം ദയറാ ഹൈസ്കൂളിലെ ഒന്നാം ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് ഉദ്ഘാടനം യുഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപോലീത്ത, കുന്നത്തുനാട് എം.എൽ.എ. വി. പി. ശ്രീനിജൻ എന്നിവർ നിർവഹിച്ചു. ജില്ലയിൽ ഏറ്റവും അധികം കുട്ടികൾ പഠിക്കുന്ന ഞാറല്ലൂർ ബെത്‌ലഹേം ദയറാ ഹൈസ്കൂളിൽ 170 കുട്ടികളോളം ഒന്നാം ക്ലാസ്സിൽ പഠിച്ചു വരുന്നു.

വചനതീർത്ഥം



അരുതുകളിൽ നിന്നുള്ള പാഠം

സ്ലീബ പെരുന്നാളിന് ശേഷം അഞ്ചാം ഞായറാഴ്ച
(വി. മത്തായി 23:1–12)

ഫാ. കെ. കെ. വർഗീസ്

വിശുദ്ധ മത്തായിയുടെ സുവിശേഷം 23-ാം അധ്യായത്തെ മൂന്ന് ഭാഗങ്ങളായി തിരിക്കാം. 1-12 വാക്യങ്ങളിൽ, തടിച്ചുകൂടിയ ജനക്കൂട്ടത്തിന്റെ മധ്യേ യേശു തന്റെ ശിഷ്യന്മാരോട് മാത്രമായി സംസാരിക്കുകയും ശാസ്ത്രിമാരുടെയും പരീശന്മാരുടെയും കപട ആചാരങ്ങൾ പിന്തുടരരുതെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

തുടർന്ന്, 13-36 വാക്യങ്ങളിൽ, അവൻ ശാസ്ത്രിമാരോടും പരീശന്മാരോടും; നിങ്ങളുടെ നടപടികൾ നിമിത്തം നിങ്ങൾ അയ്യോ കഷ്ടം, എന്ന് പറയുന്നു. അവസാനമായി, 37-39 വാക്യങ്ങളിൽ, ജറുസലേമിനെ പറ്റി വിലപിക്കുന്നു. കാരണം, കഠിനഹൃദയത്തോടെ അവളുടെ രക്ഷകനെ അവൾ നിരസിച്ചു.

അങ്ങനെ; ആദ്യം നമ്മുടെ കർത്താവിന്റെ, ശിഷ്യന്മാർക്കുള്ള മുന്നറിയിപ്പുകളാണ്; പിന്നെ പരീശന്മാരോടുള്ള തൻറെ മുന്നറിയിപ്പുകൾ; ഒടുവിൽ അവന്റെ വിലാപത്തിൻറെ വാക്കുകൾ.

ഈ വേദ ഭാഗത്ത് ദൈവപുത്രൻ കഠിനഹൃദയരും മത്സരികളും കപടഭക്തരും അവിശ്വാസികളായ ശാസ്ത്രിമാർക്കും പരീശന്മാർക്കും നേരെ കടുത്ത ശാസന പുറപ്പെടുവിക്കുന്നു. ഇരുപത്തിമൂന്നാം അധ്യായത്തിൽ, അവർ അഭിമുഖീകരിക്കുന്ന വിനാശത്തെക്കുറിച്ച് യേശു വ്യക്തമായി പറയുന്നുണ്ട്. അവൻ ഈ കർക്കശമായ വാക്കുകൾ ആരംഭിക്കുന്നത് ആദ്യം നമ്മുടെ ശ്രദ്ധ അവരുടെ തെറ്റിലേക്ക് വിളിച്ചുകൊണ്ടാണ്; അവർ പോയ വഴിയിലൂടെ പോകരുതെന്ന് കർത്താവ് നമ്മളോട് ആവശ്യപ്പെടുന്നു!

അവർ വീണുപോയ 'കാപട്യം' ഒഴിവാക്കാൻ നാം എന്താണ് ചെയ്യേണ്ടതെന്ന് അവന്റെ അനുയായികൾ എന്ന നിലയിൽ അവൻ നമ്മെ പഠിപ്പിക്കുന്നു; അവരുടെ അനുഭവത്തിലൂടെ, നാം എന്തുചെയ്യരുതെന്നും താൻ നമ്മെ കാണിക്കുന്നു!

1: നിങ്ങൾ പ്രവർത്തിക്കാത്തത് പ്രസംഗിക്കരുത് (23:14)

ജനക്കൂട്ടത്തോടും തന്റെ ശിഷ്യന്മാരോടും യേശു തമ്പുരാൻ ഇങ്ങനെ പറയുന്നു; 'ശാസ്ത്രിമാരും പരീശന്മാരും മോശെയുടെ ഇരിപ്പിടത്തിൽ ഇരിക്കുന്നു. ആകയാൽ അവർ നിങ്ങളോടു പറയുന്നതൊക്കെയും ആചരിച്ചു പ്രവർത്തിക്കുവിൻ (23).

ഇവിടെ യേശു പറയുന്ന അർത്ഥത്തിൽ, ഒരു 'ഇരിപ്പിടം', എന്നത്, ഇസ്രായേലിലെ ഒരു അധ്യാപകൻ കൈവശമാക്കുന്ന ഒരു അധികാരസ്ഥാനമാണ്. 'ഇരിപ്പിടത്തിൽ' അവർ 'ഇരിക്കുന്നു' എന്ന് യേശു പറഞ്ഞപ്പോൾ, അവൻ ഉദ്ദേശിച്ചത് ആ സമൂഹത്തിൽ അവർക്കുള്ള ഒരു അംഗീകൃത അധികാരസ്ഥാനം – മോശയിലൂടെ ദൈവം ജനങ്ങൾക്ക് നൽകിയ നിയമത്തിന്റെ ആധികാരിക ഉപദേഷ്ടാക്കൾ എന്ന സ്ഥാനം – ആയിരുന്നു.

അന്നത്തെ മതനേതാക്കളും പണ്ഡിതന്മാരും, ശാസ്ത്രിമാരും പരീശന്മാരുമായിരുന്നു. നിയമം പഠിക്കുന്നതും ദൈനംദിന ജീവിതത്തിൽ അതിന്റെ പ്രയോഗത്തെ വ്യാഖ്യാനിക്കുന്നതും അവർ തങ്ങളുടെ ജീവിത തൊഴിലാക്കി മാറ്റി. ഈ അർത്ഥത്തിൽ, അതായത് യഥാർത്ഥമായും കൃത്യമായും ദൈവത്തിന്റെ നിയമം പഠിപ്പിച്ചിടത്തോളം, ശാസ്ത്രിമാരും പരീശന്മാരും യഥാർത്ഥത്തിൽ മോശയുടെ 'ഇരിപ്പിടത്തിൽ' ഇരിക്കുന്നവർ ആയിരുന്നു.അതുകൊണ്ട് അവരുടെ പങ്ക് ബഹുമാനിക്കപ്പെടേണ്ടതുമാണ്. അതുകൊണ്ട്, യേശു തന്റെ അനുഗാമികളോട് അവർ പറയുന്നത് പോലെ 'ആചരിക്കാനും' 'ചെയ്യാനും' പറയുന്നു.

ഇത് പ്രധാനമായും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്.

'ശാസ്ത്രിമാരും പരീശന്മാരും കപടനാട്യക്കാരാണ്; അതിനാൽ, അവർ നിങ്ങളോട് പറയുന്നതെല്ലാം അവഗണിക്കുക. അവർ പറയുന്നത് ചെയ്യാൻ പോലും മെനക്കെടരുത്!' എന്ന് യേശു പറഞ്ഞില്ല. അത് ആത്മീയ അധികാരത്തെ ബഹുമാനിക്കാനും ആദരിക്കാനും ഉള്ള ദൈവത്തിന്റെ കൽപ്പനയ്ക്ക് അനുസൃതമായിരിക്കില്ല. അപ്പോസ്തലനായ പൗലോസ് പോലും ഭക്തിയില്ലാത്ത ഒരു മഹാപുരോഹിതന്റെ അധികാരത്തെ, ആ സ്ഥാനത്തെ പ്രതി ബഹുമാനിച്ചു (അപ്പ. 23:3–5).

ശാസ്ത്രിമാരും പരീശന്മാരും, ദൈവം മോശ വഴിയായി നൽകിയ നിയമത്തിന് 613 അധിക പ്രമാണങ്ങൾ വികസിപ്പിച്ചെടുത്തു, കൂടാതെ ഈ അധിക മനുഷ്യനിർമിത പ്രമാണങ്ങളുടെ മാർഗനിർദേശത്തിന് കീഴിൽ ആളുകളെ കൊണ്ടുവരാനും ശ്രമിച്ചു. അവർ ചെയ്തത് ജീവിതത്തിൽ താങ്ങാനാവാത്ത ഭാരമായ നിയമങ്ങളും നിയന്ത്രണങ്ങളും സൃഷ്ടിക്കുക മാത്രമാണ്.

രസകരമായ സംഗതി,അതെല്ലാം മറ്റൊരാൾക്ക് ചുമക്കാനുള്ളതായിരുന്നു. നിയമം അനുസരിക്കാത്തവർ 'പാപികളായി ചിത്രീകരിക്കപ്പെട്ടു. അതേസമയം ന്യായപ്രമാണവും, അതിന്റെ ഉപ നിയമങ്ങളും പാലിക്കുക എന്ന ഭാരത്തിൽ നിന്ന് അവർ സ്വയം ഒഴിഞ്ഞുമാറി.

ഒരു വിരൽ പോലും നിയമങ്ങൾ പാലിക്കുന്നതിനു വേണ്ടി അനക്കാൻ അവർ കൂട്ടാക്കിയില്ല. ചുരുക്കത്തിൽ, തങ്ങൾ ചെയ്യാത്തത് മറ്റുള്ളവർ ചെയ്യണമെന്ന് അവർ പ്രസംഗിച്ചു കൊണ്ടിരുന്നു.

കപടഭക്തിക്കാരാ, മുമ്പെ സ്വന്തകണ്ണിൽനിന്നു കോൽ എടുത്തുകളക; പിന്നെ സഹോദരന്റെ കണ്ണിൽനിന്നു കരടു എടുത്തുകളവാൻ വെടിപ്പായി കാണും (വി. മത്തായി 7:5).

അതുകൊണ്ട് യേശു ഇവിടെ കാണിച്ചുതരുന്നു; വ്യക്തിജീവിതത്തിൽ നമ്മൾ പാലിക്കാൻ തയ്യാറാകാത്തത് ഒന്നും മറ്റുള്ളവരോട് പ്രസംഗിക്കുന്നില്ലെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കണം.

2. മന്ത്രപട്ടയും,തൊങ്ങലും (23:5)

യേശു തമ്പുരാൻ തുടരുന്നു, 'എന്നാൽ അവരുടെ എല്ലാ പ്രവൃത്തികളും മനുഷ്യർ കാണുന്നതിന് വേണ്ടിയാണ് അവർ ചെയ്യുന്നത് (23:5) അവർ പിന്തുടർന്ന മതപരമായ ആചരണങ്ങളും, അവർ ആചരിച്ചിരുന്ന ആചാരങ്ങളും,

അവർ അനുഷ്ഠിച്ച ദാനധർമ്മങ്ങളും-അത് ദൈവത്തോടുള്ള ഭക്തിയോടെയുള്ള സേവനത്തിന്റെ ഹൃദയത്തിൽ നിന്നല്ല. മറിച്ച്, അതെല്ലാം മറ്റുള്ളവരുടെ കണ്ണുവെട്ടിക്കാൻ വേണ്ടിയായിരുന്നു.

അവർ അവരുടെ മന്ത്രപട്ടകളും,തൊങ്ങലും വിശാലമാക്കി (phylacteries, and borders of their garments,) എന്ന് അദ്ദേഹം പറയുന്നു. ഫൈലക്റ്ററികൾ ചെറിയ പെട്ടികളായിരുന്നു, അത് തുകൽ സ്ട്രാപ്പുകളിൽ കെട്ടിയിരുന്നു, അവ അവരുടെ കൈകളിലേക്കും കൈകളിലേക്കും അല്ലെങ്കിൽ നെറ്റിയിൽ കെട്ടിയിരുന്നു. ഈ പെട്ടികളിൽ, അവർ തിരുവെഴുത്തുകളുടെ ഭാഗങ്ങൾ അല്ലെങ്കിൽ എഴുതിയ പ്രാർത്ഥനകൾ പകർത്തിയ സ്ട്രിപ്പുകൾ സ്ഥാപിക്കും. ഇത് ചെയ്യുമ്പോൾ, ആവർത്തനം 6:6–9–ൽ പറയുന്നത് അക്ഷരാർത്ഥത്തിൽ പ്രയോഗിക്കാൻ അവർ ശ്രമിക്കുകയാണ് സാധാരണയായി, യഹൂദ പുരുഷന്മാർ പൊതു ആരാധനയുടെ സമയങ്ങളിൽ ഈ ഫൈലക്റ്ററികൾ ധരിക്കുമായിരുന്നു. എന്നാൽ ആരാധനാ സമയം അവസാനിക്കുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും ഈ മന്ത്രിപ്പട്ടകൾ പ്രദർശിപ്പിച്ചുകൊണ്ട് ചുറ്റിനടന്നു.

അവർ അവയെ 'വിശാലവും' (അതായത്, വലുതും കാണാൻ എളുപ്പമുള്ളതും) ആക്കും, അവർ ധാരാളം വേദഭാഗങ്ങളും ധാരാളം പ്രാർത്ഥനകളും കൊണ്ട് നിറഞ്ഞിരിക്കുന്നുവെന്ന് കാണിക്കുകയാണ് ഈ നടപ്പിന്റെ ഉദ്ദേശ്യം.

കൂടാതെ, അവർ 'തങ്ങളുടെ വസ്ത്രങ്ങളുടെ അതിരുകൾ' വിശാലമാക്കി. ഇത് പഴയനിയമത്തിൽ യഹൂദ പുരുഷന്മാരോടു ദൈവം പറഞ്ഞ കൽപ്പനയെ സൂചിപ്പിക്കുന്ന് നീ യിസ്രായേൽമക്കളോടു പറയേണ്ടതെന്തെന്നാൽ: അവർ തലമുറതലമുറയായി വസ്ത്രത്തിന്റെ കോൺതലെക്കു പൊടിപ്പു ഉണ്ടാക്കുകയും കോൺതലെക്കലെ പൊടിപ്പിൽ നീലച്ചരടു കെട്ടുകയും വേണം (സംഖ്യ. 15:37–41).

ഈ 'തൊങ്ങലുകൾ'–അവരുടെ വസ്ത്രങ്ങളിൽ നിന്ന് താഴേക്ക് തൂങ്ങിക്കിടക്കുന്നത്–ദൈനംദിന ജീവിതത്തിൽ ദൈവകൽപ്പനകൾ വിശ്വസ്തതയോടെ പാലിക്കുന്നതിനുള്ള നിരന്തരമായ ഓർമ്മപ്പെടുത്തലുകളായിരുന്നു. പ്രത്യക്ഷത്തിൽ, കർത്താവായ യേശുവിന്റെ വസ്ത്രങ്ങളിൽ പോലും ഇവ ഉണ്ടായിരുന്നു (വി. മത്തായി 9:20; 14:36). എന്നാൽ ശാസ്ത്രിമാരും പരീശന്മാരും തങ്ങൾ മറ്റെല്ലാവരേക്കാളും നിയമത്തോട് കൂടുതൽ അർപ്പണബോധമുള്ളവരായിരുന്നു എന്ന ധാരണ എല്ലാവർക്കും നൽകാനായി തങ്ങളുടെ തൊങ്ങലുകൾ ആഡംബരപൂർവ്വം നീളവും വിശാലവുമായി ഉണ്ടാക്കി.

യേശു തന്നെ പറഞ്ഞു: 'മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കാണാനും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്താനും നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ' (വി.മത്തായി 5:16).

വ്യത്യാസം ഈ പ്രചോദനത്തിലാണ്. മനുഷ്യർ പിതാവിനെ മഹത്വപ്പെടുത്തുന്നതിനുവേണ്ടിയാണ് നാം നമ്മുടെ വെളിച്ചം പ്രകാശിപ്പിക്കേണ്ടത്– മനുഷ്യർ നമ്മെ മഹത്വപ്പെടുത്താനല്ല!

3: മതം സാമൂഹിക നേട്ടങ്ങൾക്കാവരുത് (23:67)

ശാസ്ത്രിമാരും പരീശന്മാരും സമൂഹത്തിലെ ഏറ്റവും ആദരണീയരായ അംഗങ്ങളായിരുന്നു. വിരുന്നുകളിലേക്ക് ക്ഷണിക്കപ്പെടുമ്പോൾ ഏറ്റവും നല്ല സ്ഥലത്ത് അവരുടെ പേര് ഉണ്ടെന്ന് അവർ ഉറപ്പ് വരുത്തി.

അവർ സിനഗോഗിൽ പോയപ്പോൾ, അവർക്കുവേണ്ടി മാത്രമായി ഒരു മാന്യമായ ഇരിപ്പിടം അവർ കണ്ടെത്തി. അവർ തെരുവിലൂടെ നടക്കുമ്പോഴോ ചന്തയിൽ പോകുമ്പോഴോ 'ബഹുമാനപ്പെട്ട അധ്യാപകൻ' എന്നർത്ഥം വരുന്ന 'റബ്ബീ' എന്ന് വിളിച്ച് ആളുകൾ അവരെ അഭിവാദ്യം ചെയ്തു.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അവരുടെ പവിത്രമായ റോളിന് സാമൂഹിക നേട്ടങ്ങളുമുണ്ടായിരുന്നു. സമൂഹത്തിലെ അവരുടെ പങ്ക് മോശയുടെ നിയമം ആളുകളെ പഠിപ്പിക്കുക എന്നതായിരുന്നു; എന്നാൽ അവർക്ക് ജനങ്ങളിൽ നിന്ന് ഉയർന്ന ബഹുമാനം നേടുന്നതിനും സാമൂഹിക ഒത്തുചേരലുകളിൽ മുൻഗണന ലഭിക്കുന്നതിനുള്ള അധിക ആനുകൂല്യമായി അതിനെ കണ്ടു.

എന്നാൽ നമ്മുടെ കർത്താവിന്റെ മുന്നറിയിപ്പ് നാം ഓർക്കേണ്ടതുണ്ട്: ലോകം അവനെ വെറുക്കുന്നുവെങ്കിൽ,അവൻറെ അനുയായികളോട് അത്/ ആ അകൽച്ച/ വെറുപ്പ് എത്രത്തോളം ആയിരിക്കും.

അങ്ങനെയൊരു സാമൂഹിക ക്രമത്തിലൂടെ നമ്മൾ കടന്നു പോകുമ്പോൾ, നമ്മൾക്ക് അമിതമായ ആദരവും ബഹുമാനവും എവിടെനിന്നെങ്കിലും ഒക്കെ ലഭിക്കുന്നുവെങ്കിൽ അതിൽ എന്തെങ്കിലും അപാകതയുണ്ടോ എന്ന് നാം ചിന്തിക്കേണ്ട കാലം കൂടിയാണ്. തൊങ്ങലുകളും മന്ത്രപട്ടകളുമാണോ അതോ ദൈവമുമ്പാകെയുള്ള സത്യസന്ധമായ, കാപട്യങ്ങൾ ഇല്ലാത്ത ജീവിതമാണോ നമ്മൾക്ക് ഈ ആദരവുകൾ നേടിത്തരുന്നത്.??

നമ്മുടെ സൽപ്പേരിനെ സംരക്ഷിക്കുന്നതിനോ അല്ലെങ്കിൽ അതിന്റെ ഫലമായി നമുക്ക് ലഭിച്ചേക്കാവുന്ന സാമൂഹിക നേട്ടങ്ങൾ നേടുന്നതിനോ വേണ്ടി നമ്മൾ ഒരു മത ജീവിതം കൊണ്ടുനടക്കുന്നത് അപകടകരമായ അവസ്ഥയാണ്.

സാമൂഹികമായ അംഗീകാരം നേടുന്ന വിധത്തിൽ ഒരുവൻ തന്റെ മത ജീവിതത്തിൽ വിട്ടുവീഴ്ച ചെയ്യുന്നതു കാപട്യമാണ്! അതിനെയാണ് കർത്താവ് നിശിതമായി വിമർശിക്കുന്നത്.

4: ദൈവവേല എന്ന പ്രൊഫഷൻ (23:8–10)

ദൈവീക വേലയിൽ ഏർപ്പെട്ടിരിക്കുന്ന ചില ആളുകളുടെ മനോഭാവം, ക്രിസ്തുവിന്റെ/ക്രിസ്തുവിലുള്ള ഭാവത്തേക്കാൾ തങ്ങളുടെ പ്രൊഫഷണൽ, സഭാ തലക്കെട്ടുകൾ പ്രകടിപ്പിക്കുക എന്നതാണ്.

'റബ്ബീ, റബ്ബീ' എന്ന് വിളിക്കപ്പെടാൻ ഇഷ്ടപ്പെടുന്ന ശാസ്ത്രിമാരെയും പരീശന്മാരെയും കുറിച്ച് യേശു പറഞ്ഞത്, തുടർന്ന് തന്റെ അനുയായികളോട് ഇങ്ങനെ പറയാൻ അവനെ പ്രേരിപ്പിച്ചു, നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുതു. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു; നിങ്ങളോ എല്ലാവരും സഹോദരന്മാർ.

ഭൂമിയിൽ ആരെയും പിതാവു എന്നു വിളിക്കരുതു; ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവു, സ്വർഗ്ഗസ്ഥൻ തന്നേ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുതു, ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ (വി. മത്തായി 23:8–10).

തങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ ഒരുവന് ലഭിച്ചിട്ടുള്ള മഹത്വം അവന് നൽകരുത് എന്നല്ല കർത്താവ് ഇവിടെ ഉദ്ദേശിക്കുന്നത്. മറിച്ച് 'പ്രൊഫഷണലിസത്തിൽ' നിന്ന് നമ്മുടെ കർത്താവ് നമ്മെ വിലക്കുകയാണെന്ന് ചിന്തിക്കാം.

ദൈവീക ശുശ്രൂഷകളിൽ നാം ഒരാൾക്കു അവന്റെ സ്ഥാനപ്പേരിന്റെ അടിസ്ഥാനത്തിൽ ആദരവും ബഹുമാനവും നൽകുമ്പോൾ, ആ വ്യക്തിയെ ക്രിസ്തുവിന്റെ സ്ഥാനത്താണ് കാണുന്നത്.

നാം ഒരു മനുഷ്യനെ അവന്റെ വൈദിക പദവിയുടെ അടിസ്ഥാനത്തിൽ 'പിതാവ്' എന്ന് വിളിക്കുമ്പോൾ, വിശ്വാസത്തിൽ നമ്മെ വളർത്തിയെടുക്കുകയും ക്രിസ്തുവിൽ വളരാൻ നമ്മെ സഹായിക്കുകയും ചെയ്യുന്നു എന്ന താല്പര്യത്തിലും ബോധ്യത്തിലും ഏറ്റവും മഹനീയമായ സ്ഥാനം നൽകുന്നു.

(അവൻ യഥാർത്ഥത്തിൽ ദൈവത്തിന്റെ കൈയിലുള്ള ഒരു അനുസരണയുള്ള ഉപകരണമാണോ അല്ലയോ എന്നത് പരിഗണിക്കാതെ തന്നെ..) ശാസ്ത്രിമാരെയും പരീശന്മാരെയും പോലെ ഇതൊക്കെ സ്വയം പ്രകടിപ്പിക്കാനുള്ള ഒരു മാർഗമായി മാത്രമാണ് നാം കാണുന്നതെങ്കിൽ, നമ്മുടെ കർത്താവും രക്ഷകനുമായ യേശുവിന് അത് എന്തൊരു അപമാനമായിരിക്കും!

തലക്കെട്ടുകൾ അവയുടെ സന്ദർഭങ്ങളിൽ തെറ്റല്ല; പ്രത്യേകിച്ച് ജീവിതത്തിന്റെ മറ്റ് മേഖലകളിൽ.

എന്നാൽ പ. സഭയിൽ/മത ജീവിതത്തിൽ,ഈ തലക്കെട്ടുകൾ ഒരു കെണിയായി മാറുന്ന പ്രവണത കണ്ടു വരുന്നുണ്ട്.

അത് മനുഷ്യരിൽ അനാരോഗ്യകരമായ ഭയം നട്ടുവളർത്തുകയും, ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്, ഒരു തടങ്ങൽ പാറയായി മാറാതിരിക്കുകയും ചെയ്യുവാനുള്ള ഉത്തരവാദിത്വം നമ്മൾ പുലർത്തേണ്ടതായിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ആശ്രയിക്കുന്നതിനുപകരം ഒരു തലക്കെട്ടിന്റെ ജഡിക സ്വാധീനത്തിൽ മത നേതാക്കന്മാർ അകപ്പെട്ടു എന്ന് ഈ വാക്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

5. മഹത്വത്തിന്റെ പ്രകടനപരത (23:11–12)

നമ്മുടെ കർത്താവ് ചെയ്തതുപോലെ, താഴ്മയുള്ള സേവനത്തിലേക്ക് സ്വയം വ്യത്യാസപ്പെടുവാനുള്ള ഒരു ആഹ്വാനമാണ് ഈ ഭാഗത്ത് കാണുന്നത്.

അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി (ഫിലി. 2:6–7).

അതാണ് നമ്മുടെ കർത്താവിന്റെ രാജ്യത്തിലെ 'മഹത്വത്തിന്റെ' പാത – അവന്റെ നാമത്തിലുള്ള എളിയ സേവനം. എന്നാൽ, കേവലം ബാഹ്യമായ മതജീവിതപ്രകടനത്തിലെ അപകടം, ദൈവത്തിന്റെ ദൃഷ്ടിയിൽ, നാം മഹത്വമുള്ളവരാണ് എന്ന മൂഢതയിലേക്ക് നമ്മെ കൊണ്ടുചെന്നെത്തിക്കും എന്നതാണ്.

നമ്മൾ യഥാർത്ഥത്തിൽ ഉയർത്തപ്പെട്ടവർ ആകണമെങ്കിൽ, ശാസ്ത്രിമാരിൽ നിന്നും പരീശന്മാരിൽ നിന്നും അൽപ്പം വ്യത്യസ്തമായ ഒരു നടപടി സ്വീകരിക്കേണ്ടതുണ്ട്. അപ്പോസ്തലനായ യാക്കോബ് ഉദ്ബോധിപ്പിക്കുന്നതുപോലെ;

അതിനാൽ ദൈവത്തിനു കീഴടങ്ങുക. പിശാചിനെ ചെറുക്കുക, അവൻ നിങ്ങളിൽ നിന്ന് ഓടിപ്പോകും. ദൈവത്തോട് അടുക്കുക, അവൻ നിങ്ങളോട് അടുത്തുവരും. പാപികളേ, നിങ്ങളുടെ കൈകൾ വൃത്തിയാക്കുവിൻ; ഇരുമനസ്സുള്ളവരേ, നിങ്ങളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുക. വിലപിക്കുകയും വിലപിക്കുകയും കരയുകയും ചെയ്യുക! നിങ്ങളുടെ ചിരി ദുഃഖമായും നിങ്ങളുടെ സന്തോഷം അന്ധകാരമായും മാറട്ടെ. കർത്താവിന്റെ സന്നിധിയിൽ നിങ്ങളെത്തന്നെ താഴ്ത്തുക, അവൻ നിങ്ങളെ ഉയർത്തും (യാക്കോബ് 4:7–10).

❑

Church Calendar

His Instructions

St. Matthew 23:1-12

Fr Nithin V Rajan



Instruction is the act of teaching someone how to do something and not to do. Instructions are very essential in our day to day affairs to manage things. Instructions can be considered as a manual of how to operate an instrument. Unless manuals are there it would be difficult to use any gadget in this modern world. Instructions are guiding lights to the activities we do and to our life. As a Christian we also have a manual or instructions book to follow. It is the Holy Bible- **B**eginner's **I**nstruction **B**efore **L**eaving **E**arth.

Do whatever they teach you and follow it

*"Then Jesus said to the crowds and to His disciples, "The scribes and the Pharisees sit on Moses' seat; therefore, do whatever they teach you and follow it; but do not do as they do, for they do not practice what they teach. They tie up heavy burdens, hard to bear, and lay them on the shoulders of others; but they themselves are unwilling to lift a finger to move them. They do all their deeds to be seen by others; for they make their phylacteries broad and their fringes long. They love to have the place of honor at banquets and the best seats in the synagogues, and to be greeted with respect in the marketplaces, and to have people call them rabbi". **St. Mathew 23:1-7**.*

The Scribes were writers of the Law, and the Pharisees, the authoritarian religious sect of the Jews. The Scribes and Pharisees held the knowledge store of the Mosaic Law. They were the Jewish privileged leaders in Jesus' time. They were religious and educated people in Scriptures and also the Law.

It is said that the seat of Moses was a place within the Synagogue. The Pharisees could only read the Written Torah, and were not allowed to give an interpretation of it until they stood up from Moses' seat. Therefore Jesus says to obey the teachings of the scribes and the pharisees but do not follow them. Follow the law because they only say about the way, but they do not walk the talk. This is applicable even to this day, many may share the Gospel and not walk the talk. Jesus says do not go to judge them, follow what they say as they talk about the Gospel. Today we live in a world where we like to criticize others and judge them according to their ways.

Doing for others to see is a face mask for ourselves. We are not being what we ought to be. We need to do things that appease God and not just human beings. We cannot give an excuse saying, I am not doing because my leaders are not doing. The Holy Scriptures has been handed down as a guiding light we need to read and follow them.

A young man went to the Priest and said "Father, I won't be going to church anymore."

The Priest responded "But why?" The young man said "Ah! I saw a woman speaking badly of another sister; men are only Sunday Christians and rest of the week they are in the devils team, the worship team is living a wrong life; people looking at their phone during service; among so many other things wrong in the church."

The Priest replied "OK. But before you go, do me a favor: take a full glass of water and walk three times around the church without spilling a drop on the floor. Afterwards, leave the church if you desire."

The young man thought it's too easy and agreed to the challenge! And he walked three times around as the Priest had asked. When he finished he told the priest he has completed the task successfully.

And the Priest asked "When you were walking around the church, did you see a sister speaking bad about another sister?" The youth replied "no." "Did you see anyone looking at their phone?" "No" "You know why?" "No"

"You were focused on the glass, to make sure you didn't drip it and spill any water. It's the same with our life. When our focus is on our Lord Jesus Christ, we don't have time to see the mistakes of others." By this incident we too understand what Christ wanted to say to us.

Humble is Simple. Meekness is not weakness

*"But you are not to be called rabbi, for you have one teacher, and you are all students. And call no one your father on earth, for you have one Father—the one in heaven. Nor are you to be called instructors, for you have one instructor, the Messiah. The greatest among you will be your servant. All who exalt themselves will be humbled, and all who humble themselves will be exalted". **St. Mathew 23:7-12.***

When will we be humble? It is when we understand who we are? And what we are?

Humility is not undervaluing or unbecoming of oneself. Rather, it is joyfully recognizing that we are creatures who depend on our creator. 'Pride comes before a fall'. The humble is less probable to fall, and if they do they don't have as far to fall. Contemplate human frailty always and the Power of God Almighty will help us to be meek. Understand that every good thing we have is a gift from God, usually when we are blessed abundantly we think that we are something 'great' but realizing each second of our breath is from our Savior will help us to ponder on what is life and act accordingly.

A proud person at all times wants to spout their philosophies and ideas and judgements. The humble person listens and responds in a clam and disciplined way.

We think the whole burden of this world is on our head and we are weighed down under it. The Holy Scripture says in ***1 Peter 5:6-7*** *"Humble yourselves therefore under the mighty hand of God, so that he may exalt you in due time. Cast all your anxiety on him, because he cares for you"*. We have a loving and caring God, we don't have to break and bend to this world, if we do so we will break.

It's difficult to hear God when we fly soaring and proud stating, "I can do it myself." I am not dependent on anyone, I have power, possession and position. This attitude of life holds troubles that we ourselves call for.

We need to ask God to give us wisdom and He will direct our steps. We need to recognize our need for God in each and every aspect of our lives. Hence we need to come humbly to receive His grace, strength, and power for living. Amen.

❑



തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്ക് ഇടമുളക്കൽ വി.എം.ഡി.എം. സെന്ററിൽ സ്വീകരണം നൽകി. സമ്മേളനം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഉത്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. പി. ജി. ജോസ്, അഡ്വ. എൻ. കെ. പ്രേമചന്ദ്രൻ എം. പി., പി. എസ്. സുപാൽ, എം. എൽ.എ., ഇടമുളക്കൽ പഞ്ചായത്ത് പ്രസിഡണ്ട് സുജാ സുരേന്ദ്രൻ എന്നിവർ ആശംസകൾ അറിയിച്ചു. ഭദ്രാസനത്തിന്റെ ഹൃദ്യമായ സ്വീകരണത്തിന് നവാഭിഷിക്തരായ മെത്രാപ്പോലീത്താമാരെ പ്രതിനിധീകരിച്ചു ഡോ എബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ നന്ദി പറഞ്ഞു.



Governor Arif Mohammed Khan launched the Sarvamangalam project of Dr Mangalam Swaminathan Foundation, New Delhi at Thiruvananthapuram. "Sarvamangalam" is a pension scheme for victims of political violence. It is a unique endeavour to keep alive the memory of Dr. Mangalam Swaminathan, celebrated journalist, writer, academic and lover of arts, literature and culture. His Holiness Baselios Marthoma Mathews III Catholicos of the East and Malankara Metropolitan, blessed the occasion.



പുത്തൻകാവ് മാർ പീലക്സിനോസ് യു.പി. സ്കൂളിൽ ലഹരി വിരുദ്ധ ബോധവൽക്കരണവും സയൻസ് ലാബ് ഉദ്ഘാടനവും കാതോലിക്കേറ്റ് & എം. ഡി സ്ക്കൂൾസ് മാനേജർ അഭിവന്ദ്യ ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് നിർവഹിച്ചു.



മികച്ച വിദ്യാർഥികൾ സർക്കാർ സ്കോളർഷിപ്പ് പ്രയോജനപ്പെടുത്തി പഠിക്കണം: എ. എൻ. ഷംസീർ

പരുമല: പ്രതിഭാശാലികളായ വിദ്യാർഥികൾ സർക്കാർ സ്കോളർഷിപ്പുകൾ പ്രയോജനപ്പെടുത്തി ഉപരി പഠന സാധ്യതകൾ തേടണമെന്ന് കേരള നിയമസഭ സ്പീക്കർ അഡ്വ. എ. എൻ. ഷംസീർ. മിടുക്കരായ കുട്ടികൾ പഠനം ഏതെങ്കിലും മേഖലകളിൽ വച്ച് അവസാനിപ്പിക്കാതെ തുടർ പഠന സാധ്യതകൾ ആരായണമെന്നും അദ്ദേഹം പറഞ്ഞു. സഭയുടെ പ്രതിഭകളെ ആദരിക്കുന്നതിനുള്ള മെറിറ്റ് ഈവനിംഗ് പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പത്താം ക്ലാസ് മുതൽ പി.എച്ച്. ഡി. വരെ ഉന്നത വിജയം നേടിയവരും കലാ-കായിക രംഗത്ത് മികവുറ്റ പ്രവർത്തനം കാഴ്ച വച്ചവരുമായ 2500-ഓളം പ്രതിഭകളെയാണ് ആദരിച്ചത്. പ. കാതോലിക്കാ ബാവാ അധ്യക്ഷത വഹിച്ചു. മിടുക്കരും പ്രതിഭാശാലികളുമായവർ ജാതിയുടെയും മതത്തിന്റെയും സങ്കുചിത ചിന്താഗതികൾക്ക് അതീതമായി മനുഷ്യസ്നേഹത്തിന്റെ വക്താക്കളായി മാറണമെന്ന് പ. കാതോലിക്കാ ബാവാ പറഞ്ഞു. മെത്രാപ്പോലീത്താമാരായ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അലക്സിയോസ് മാർ യൗസേബിയോസ്, ഡോ. ഗീവർഗീസ് മാർ തെയോഫിലോസ്, ഗീവർഗീസ് മാർ പീലക്സിനോസ്, ഡോ.ഗീവർഗീസ് മാർ ബർണബാസ് എന്നിവർ ചേർന്ന് അവാർഡ് വിതരണം ചെയ്തു. വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ കെ.വി. പോൾ റമ്പാൻ എന്നിവർ പ്രസംഗിച്ചു.



പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ മലയാളം ബിരുദാനന്തര ബിരുദ ഗവേഷണ വിഭാഗത്തിന്റെയും എം.ജി.ഓ.സി.എസ്.എം ന്റെയും ആഭിമുഖ്യത്തിൽ സഭാ കവി വെണ്ണിക്കുളം സി. പി. ചാണ്ടി അനുസ്മരണവും സെമിനാറും നടത്തി. ഡോ. എബ്രഹാം മാർ സെറാഫീം മെത്രാപ്പോലിത്ത സെമിനാർ ഉത്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ഫിലിപ്പോസ് ഉമ്മൻ അധ്യക്ഷത വഹിച്ചു. കവിയും ചലചിത്ര ഗാന രചയിതാവുമായ രാജീവ് ആലുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. അഡ്വ. ബാബുജി ഈശോ, ഫാ. ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പ, ഫാ. ലിജോ ടി. ജോസഫ്, എന്നിവർ പ്രസംഗിച്ചു. ബിനു കെ. സാം, ജെയ്മി സൂസൻ എന്നിവർ കവിത അവതരിപ്പിച്ചു. മലയാള വിഭാഗം അദ്ധ്യക്ഷ ഡോ. ബിൻസി പി. ജെ സ്വാഗതവും ആൽവിൻ ഈശോ കോശി നന്ദിയും പറഞ്ഞു.



ബാംഗ്ലൂരിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധന ആരംഭിച്ചതിന്റെ 75-ാം വാർഷികാഘോഷത്തിന്റെ സമാപനവും, ബാംഗ്ലൂർ ഭദ്രാസന രൂപീകരണത്തിന്റെ 10-ാം വാർഷികാഘോഷത്തിന്റെ സമാപനവും, നവാഭിഷക്തരായ ഏഴ് മെത്രാപ്പൊലീത്താമാർക്കുള്ള സ്വീകരണവും.



കൂർത്തമല സെന്റ് ഗ്രീഗോറിയോസ് യുവജന പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പഞ്ചദീപം 2.0 എന്ന പദ്ധതിയുടെ ഭാഗമായുള്ള ചികിത്സ പദ്ധതിയുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ ഭദ്രാസനത്തിന്റെ പുതിയതായി ആരംഭിക്കാൻ പോകുന്ന 'ലൗലി ഹോം' എന്ന സ്ഥാപനത്തിലേക്ക് വീൽചെയർ നൽകി. ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് സ്ഥാപനത്തിനു വേണ്ടി ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. മാത്യൂ ഏബ്രഹാം കാരയ്ക്കൽ സ്വീകരിച്ചു. വികാരി ഫാ. വൈ തോമസ്, സഹ വികാരി ഫാ. പോൾസൺ ജോൺ, വൈസ് പ്രസിഡന്റ് യോഹന്നാൻ വർഗീസ്, സെക്രട്ടറി സിബിൻ വർഗീസ്, യുവജനപ്രസ്ഥാനാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.



പള്ളിപ്പാട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസന പള്ളിയിൽ മലങ്കര മെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ദിവന്നാസിയോസിന്റെ 167-ാം ഓർമ്മ പെരുന്നാളിനോട് അനുബന്ധിച്ചുള്ള വിശുദ്ധ അഞ്ചിന്മേൽ കുർബാനയ്ക്ക് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ പ്രധാന കാർമികത്വം വഹിച്ചു.



ബഥനി ആശ്രമാംഗവും കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലിത്തായുമായിരുന്ന യൂഹാനോൻ മാർ അത്താനാസിയോസിന്റെ 42-മത് ഓർമ്മ പെരുന്നാളിനു കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത കാർമികത്വം വഹിച്ചു.



മർത്തമറിയം സമാജം മേഖലാ സമ്മേളനം നടത്തി

രാജസ്ഥാൻ: അഹമ്മദാബാദ് ഭദ്രാസനത്തിലെ മർത്ത് മറിയം വനിതാ സമാജം മേഖലാ സമ്മേളനം 2022 ഒക്ടോബർ 9-ന് രാജസ്ഥാനിലെ കോട്ടാ സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തി. 'ജ്യോതിസ്സ് ആശ്രമം മാനേജരും സെൻറ് തോമസ് ഓർത്തഡോക്സ് കോൺഗ്രിയേഷൻ - അഞ്ചു റോഡ് വികാരിയുമായ വെരി.റവ.ഫിലിപ്പോസ് റമ്പാൻ മുഖ്യപ്രഭാഷണം നടത്തി. ഫാ. ലിജു തോമസ് - വികാരി - ബിൽ വാര, ഫാ. നിഷി - വികാരി - ബൻസ് വാര, ഫാ.ബിജോയ് അലക്സാണ്ടർ - വികാരി - കോട്ട, ശ്രീമതി. ബീന ജോൺ - സമാജം ഭദ്രാസന സെക്രട്ടറി, ശ്രീമതി.ലിജ സിബി അബ്രഹാം - സമാജം രാജസ്ഥാൻ റീജിയണൽ സെക്രട്ടറി, ശ്രീമതി. ബിൻസി ബിജു - രാജസ്ഥാൻ സോണൽ സെക്രട്ടറി, ശ്രീമതി. ജോജി അബി - കോട്ട യൂണിറ്റ് സെക്രട്ടറി എന്നിവർ പ്രസംഗിച്ചു. വനിതാ സമാജത്തിന്റെ ബിൽ വാര, ഉദയ്പൂർ, ചിറ്റോ ഗര, ബൻസ് വാര, കോട്ട തുടങ്ങി യൂണിറ്റുകളിലെ നിരവധി സമാജം അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.



പ. കാതോലിക്കാ ബാവ ഹമദ് ബിൻ ഈസ ആൽ ഖലീഫ രാജാവുമായി കൂടിക്കാഴ്ച നടത്തി

മനാമ: പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ ഹമദ് ബിൻ ഈസ ആൽ ഖലീഫ രാജാവുമായി കൂടിക്കാഴ്ച നടത്തി. സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകയുടെ 64ാമത് പെരുന്നാൾ, വാർഷികാ ഘോഷങ്ങളിൽ പ?ങ്കെടുക്കുന്നതിനാണ് പ. ബാവ ബഹ്റൈനിൽ എത്തിയത്.

സ്നേഹത്തി?ന്റയും നന്മയുടെയും സഹിഷ്ണുതയുടെയും മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ജീവകാരുണ്യ രംഗത്ത് കാതോലിക്ക ബാവ ചെയ്യുന്ന സേവന ങ്ങളെ ഹമദ് രാജാവ് പ്രശംസിച്ചു. സഹവർത്തിത്വവും സ്നേഹവും മതങ്ങൾ തമ്മിലുള്ള സഹിഷ്ണതയും പുലർത്താൻ സെന്റ് മേരീസ് ഇന്ത്യൻ ഓർത്ത ഡോക്സ് ചർച്ചും രാജ്യത്തെ മറ്റ് ചർച്ചുകളും ചെയ്യുന്ന സേവനങ്ങളെയും രാജാവ് അഭിനന്ദിച്ചു.

പുരാതന കാലം മുതൽ വിവിധ മതങ്ങളുടെ ആചാരങ്ങൾ ബഹ്റൈനിൽ നിലനിൽക്കുന്നുണ്ടെന്നതിൽ അഭിമാനമുണ്ടെന്ന് സഫ്രിയ പാലസിൽ നടന്ന കൂടിക്കാഴ്ചയിൽ രാജാവ് പറഞ്ഞു. എല്ലാ മതങ്ങളെയും ബഹുമാനിക്കുക എന്ന തത്വം ഉൾക്കൊള്ളുന്നവരാണ് രാജ്യത്തെ ജനങ്ങൾ. സഹവർത്തിത്വത്തി ന്റെയും സാഹോദര്യത്തിന്റെയും പരസ്പര സംഭാഷണത്തിന്റെയും പാതയിൽ മുന്നോട്ട് പോകാൻ രാജ്യം പ്രതിജ്ഞാബദ്ധമാണെന്നും ഹമദ് രാജാവ് പറഞ്ഞു.

വിവിധ മതങ്ങളെ സ്വീകരിക്കുന്ന ബഹ്റൈൻ നിലപാടിനെ കാതോലിക്ക ബാവ അഭിനന്ദിച്ചു. ഹമദ് രാജാവിന്റെ കീഴിൽ രാജ്യം കൈവരിച്ച നേട്ടങ്ങ ളെയും അദ്ദേഹം പ്രശംസിച്ചു.



ഓരോ ജന്മദിനവും സമൂഹ നന്മയ്ക്കായി വിനിയോഗിക്കുന്ന പിതാ വാണ് ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പൊലീത്താ എന്ന് ആന്റോ ആന്റണി എം.പി അഭിപ്രായപ്പെട്ടു. ജോഷ്വാ മാർ നിക്കോദിമോ സിന്റെ 60–ാം ജന്മദിനാഘോഷം ഒക്ടോബർ 8–ന് റാന്നി ഇട്ടിയപ്പാറ മാർ ഗ്രിഗോറിയോസ് കാതോലിക്കേറ്റ് സെന്റർ ചാപ്പലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. രാവിലെ വിശുദ്ധ കുർബ്ബാനയെ തുടർന്ന് കൂടിയ സമ്മേളനത്തിൽ കുര്യാക്കോസ് മാർ ക്ലീമിസ് അധ്യക്ഷത വഹിച്ചു. ഭദ്രാസന വകയായി ആരംഭിക്കുന്ന വിദ്യാജ്യോതി കരിയർ ഗൈഡൻസ് സെന്റർ അഡ്വ. പ്രമോദ് നാരായണൻ എം.എൽ. എ ഉദ്ഘാടനം ചെയ്തു



പുനർ നിർമ്മിക്കുന്ന കത്തിപ്പാറത്തടം, സെന്റ് ജോർജ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ വി. കുർബ്ബാന അർപ്പിച്ചു



ലഹരി വിമുക്ത സമൂഹം സൃഷ്ടിക്കപ്പെടണം: മാർ ക്രിസോസ്റ്റമോസ്

പത്തനംതിട്ട: സാമൂഹിക പ്രതിബദ്ധതയും, ആരോഗ്യപൂർണവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും, ലഹരി വിമുക്ത സമൂഹത്തെ രൂപാന്തര പെടുത്തുന്നതിനും യുവജനസംഘടനകളുടെ പങ്ക് വളരെവലുതാണ് എന്ന് ഡോ യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രപോലിത്ത. തുമ്പമൺ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ലഹരി വിരുദ്ധ പ്രതിജ്ഞയും ദീപം തെളിയിക്കലും പരിപാടി പത്തനംതിട്ട ഗാന്ധി സ്ക്വയറിൽ വച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. എബി ടി. സാമുവൽ അധ്യക്ഷത വഹിച്ചു ഭദ്രാസന സെക്രട്ടറി ജോൺസൺ കല്ലിട്ടതിൽ കോർഎപ്പിസ്കോപ്പ മുഖ്യപ്രഭാഷണം നടത്തി. വിമുക്തി മിഷൻ ജില്ലാ കോഡിനേറ്റർ അഡ്വ ജോസ് കളീക്കൽ മുഖ്യാ തിഥിയായിരുന്നു. ഫാ. ലിജിൻ, ഫാ. എബി എ. തോമസ്, ഫാ. ലിജോ തുക്കനാൽ, സഭാ മാനേജിങ് കമ്മിറ്റി അംഗവും യുവജനപ്രസ്ഥാനം കേന്ദ്ര സമിതി അംഗവുമായ നിതിൻ മണക്കാട്ട് മണ്ണിൽ, ഭദ്രാസന ജനറൽ സെക്രട്ടറി രെഞ്ചു എം ജെ, ലിടാ ഗ്രിഗറി, ഫിന്നി മുള്ളനിക്കാട്, അൻസു, ക്രിസ്റ്റി, ലിബിൻ, ജെറിൻ, തോബിയ, നിധി, ഗീവർഗീസ് എന്നിവർ സംസാരിച്ചു.



ചെങ്ങന്നൂർ ഡിസ്ട്രിക്ട് സൺഡേസ്ക്കൂൾ ഏകദിന സമ്മേളനം ചെങ്ങ ന്നൂർ സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ ഇടവകയിൽ വച്ച് നടന്നു. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്ത സമ്മേളത്തിൽ ഫാ. ജേക്കബ് ചെറിയാൻ അദ്ധ്യക്ഷം വഹിച്ചു.



മലങ്കര ഓർത്തഡോക്സ് സഭയുടെ 2022–27 കാലഘട്ടത്തിലെ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശക ശില്പശാല പരിശുദ്ധ ബസേലിയോസ് മർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പരുമല സെമിനാരിയിൽ ഉദ്ഘാടനം ചെയ്തു.



തിരുവനന്തപുരം ഭദ്രാസനം നവജ്യോതി മോംസിന്റെ വാർഷിക സമ്മേളനം 2022 ഒക്ടോബർ മാസം 9–ന് വട്ടിയൂർക്കാവ് സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകയിൽ വെച്ച് നടന്നു.




ജി.ഓ.വൈ.സി. പതാക കൈമാറി

ദുബായ്: ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ഗൾഫ് ഓർത്തഡോക്സ് യൂത്ത് കോൺഫറൻസിന്റെ പതാക ഓ.സി.വൈ.എം കേന്ദ്ര പ്രസിഡന്റ് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ഓ.സി.വൈ.എം. ജി.സി.സി. പ്രസിഡന്റ് ഫാ. ജോൺസൺ ഐപ്പ് ജി.സി.സി. സെക്രട്ടറി ഫിലിപ്പ് എൻ. തോമസ്, യു.എ.ഇ സോണൽ സെക്രട്ടറി ബെൻസൻ ബേബി എന്നിവർ ചേർന്ന് സ്വീകരിച്ചു. ദുബായ് ഓ.സി.വൈ.എം സുവർണ്ണ ജൂബിലി സമാപന വേദിയിൽ വച്ചാണ് പതാക കൈമാറിയത്. ചടങ്ങിൽ ഫാ.ബിനീഷ് ബാബു, ഫാ.ജാക്സൺ മാത്യൂസ് ജോൺ, സഭാ വർക്കിംഗ് കമ്മിറ്റി അംഗം ജേക്കബ് മാത്യൂ (ജോജോ), മാനേജിംഗ് കമ്മിറ്റി അംഗം കെ. വി. തോമസ്, മനോജ് ഡാനിയേൽ, ആന്റോ ഏബ്രഹാം, ബിബിൻ ഏബ്രഹാം, അഖിൽ ടി.കുര്യൻ തുടങ്ങിയവർ സന്നിതിതരായിരുന്നു.

ഒക്ടോബർ 9 ഞായറാഴ്ച ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഒ.സി.വൈ.എം സുവർണ്ണ ജൂബിലി സമാപന വേദിയിൽ വച്ചാണ് പതാക കൈമാറിയത്. തുടർന്ന് ഒ.സി.വൈ.എം യു.എ.ഇ സോണിന്റെ നേതൃത്വത്തിൽ 'മീറ്റ് ദ പ്രസിഡന്റ്' എന്ന പരിപാടിയും നടത്തപ്പെട്ടു. യൂണിറ്റ് പ്രസിഡന്റുമാർ, മുൻ ജി.സി.സി. സെക്രട്ടറി ശ്രീ. ജിബു കുര്യൻ, സോണൽ സെക്രട്ടറിമാർ, യു.എ.ഇ. യിലെ എട്ട് യൂണിറ്റുകളിൽ നിന്നും യൂണിറ്റ് ഭാരവാഹികൾ പ്രസ്ഥാനാംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അവാർഡ് സോനം വാങ്ചുക്കിന്



ന്യൂഡൽഹി: ലോക പ്രശസ്ത ദാർശനികനും ചിന്തകനും ദൈവശാസ്ത്രജ്ഞനും മലങ്കര ഓർത്തഡോക്സ് സഭ ഡൽഹി ഭദ്രാസന പ്രഥമ മെത്രാപ്പോലിത്തായുമായിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസിന്റെ സ്മരണാർത്ഥം ഡൽഹി സോഫിയ സൊസൈറ്റി ഏർപ്പെടുത്തിയ ഏഴാമത് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് അവാർഡ്, ലഡാക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ, ജീവകാരുണ്യ, സാമൂഹിക പ്രവർത്തകനായ സോനം വാങ്ചുക്കിന്.

ഹോസ് ഖാസ് സെന്റ് മേരീസ് കത്തീഡ്രലിൽ ചേർന്ന ഇടവക പ്രതിനിധികളുടെ യോഗത്തിൽ ഡൽഹി ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ദിമെത്രിയോസ് അവാർഡ് പ്രഖ്യാപനം നിർവഹിച്ചു. അഞ്ചു ലക്ഷം രൂപയും, പ്രശംസാപത്രവും, ഫലകവും അടങ്ങുന്നതാണ് അവാർഡ്.

2022 നവംബർ 27–നു ഇന്ദിരാപുരം സെ. തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് അവാർഡ് ദാനചടങ്ങു നടക്കുമെന്ന് ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ അറിയിച്ചു.